നീങ്ങളിൽ പലർക്കും അറിയാൻപാടില്ലാത്ത
മധുവിധുലീലാവിധങ്ങൾ പഠിച്ചു്
ജീവിതം സുഗമസുന്ദരമാക്കുവാൻ
ചുംബനരഹസ്യം
എന്ന ആഗോളബാഹ്യലീലാഗ്രന്ഥം
ഉടനെ വാങ്ങുവിൻ!
വില രൂപാ 1–8. വി. പി. ചെലവു് 10 ണ.
Apply to:
VIDYARAMBHAM PRESS, ALLEPPEY

പ്രഭാതപ്പതിപ്പ്   Registered No· M· 5797 .PHONE No· 523   വില 1 ണ. 3 സ.

ദേശബന്ധു

Vol. 6 | കോട്ടയം 1954 ഫെബ്രുവരി 5 വെള്ളി. പേജ് 4 | No 29

ഗർഭരക്ഷാഗുളിക
അനേകവർഷങ്ങളായി സ്ത്രീലോകത്താൽ ആദരിച്ചുവരുന്ന ഈ ഔഷധം ഗർഭിണികൾക്കുണ്ടാകുന്ന തലചുററൽ, ഛർദ്ദി, ആഹാരസാധനങ്ങളോടുള്ള വെറുപ്പ്, അരുചി, അഗ്നിമാന്ദ്യം, ക്ഷീണം, കൈകാൽകഴപ്പ്, നടുവിനും സന്ധുക്കൾക്കും ഉള്ള വേദന, ശ്വാസംമുട്ടൽ, മലബന്ധം, മൂത്രതടസ്സം, ഗർഭസ്രാവം ഇവകളെ നിശ്ശേഷം മാററി സുഖപ്രസവത്തെയും ശിശുവിനും, മാതാവിനും ആരോഗ്യത്തെയും പ്രദാനംചെയ്യുന്നു.
60 ഗുളികകൾ അടങ്ങിയ കുപ്പി 1–നു് വില 3 ക.
(തപാൽ ചെലവു പുറമെ). വി. പി. യായി ആവശ്യപ്പെടുക.
എസ്. ജി. ഏ. ഫാർമസി,
കളരിക്കൽ ബസാർ, കോട്ടയം.

തര്യതുകുഞ്ഞിത്തൊമ്മന്റെ പ്രസ്താവന

അഴിമതികൾ നടക്കാതിരിക്കണമെങ്കിൽ, നീതി നടക്കണമെങ്കിൽ പ്രസിഡണ്ടുഭരണം വേണം

(ഷെവലിയർ തര്യതു കുഞ്ഞിത്തൊമ്മൻ അയച്ചുതന്ന ലഘുലേഖയിലെ ചില പ്രസക്തഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. കുഞ്ഞിത്തൊമ്മൻ സംസ്കാരസമ്പന്നനും പരിശുദ്ധഹൃദയനുമായ ഒരു നിർമ്മല കത്തോലിക്കനാണ്. ദീപികാ—മാളേക്കൻ മോഡലിലുള്ള കറപിടിച്ച കത്തോലിക്കനല്ലെന്നർത്ഥം. അന്യസമുദായക്കാരേയും മതക്കാരേയും പുലഭ്യം പറയാതെ സ്വസമുദായത്തെ ആത്മാർത്ഥമായി സേവിക്കുന്ന ഒരു ബഹുമാന്യനാണ് [illegible]ം. 18 കൊല്ലം നിയമസഭാമെംബറെന്നുള്ള നിലയിൽ വിജയകരമായി സേവനം ചെയ്ത ഇദ്ദേഹത്തിനു ലഭിച്ചിട്ടുള്ള പരിചയസമ്പത്തും സമ്പർക്കസമ്പത്തും നിസ്തുല്യമാണ്. കോൺഗ്രസ്സിനും സ്വയംഭരണത്തിനും വേണ്ടി ദീർഘകാലം സമരം നടത്തിയ ഈ വയോവൃദ്ധനാണ് ഇന്നു് പ്രസിഡണ്ടുഭരണത്തിനാവശ്യപ്പെടുന്നതെന്നോർക്കണം.)

ഒരു പാർട്ടിയോ അതിന്റെ നേതാവോ വോട്ടെല്ലാം തങ്ങൾക്കു് തരണമെന്നു പറയുന്നതു് സ്വാഭാവികം തന്നെ. എന്നാൽ ഒരു വമ്പിച്ച സമുദായത്തിന്റെ പൊതുസംഘടന ചില പാർട്ടികളുടെ ടിക്കററിലും, സ്വതന്ത്രരായും, സമുദായത്തിലെ അംഗങ്ങളിൽ പലരും സ്ഥാനാർത്ഥികളായി നിൽക്കുമ്പോൾ വോട്ടെല്ലാം ഒരു കക്ഷിക്കു കൊടുക്കണമെന്നു് അപേക്ഷിക്കുന്നതു ശരിയാണോ? മതനിഷ്ഠമായ ആശയങ്ങൾ ഉള്ള വ്യക്തിക്കോ, കക്ഷിക്കോ വോട്ടുചെയ്യരുതെന്നു് ഉ[illegible]ക്കയല്ലാതെ, ഏകകക്ഷിക്കുതന്നെ വോട്ടുചെയ്യണമെന്നപേക്ഷിക്കുന്നതു് അന്ത:ഛിദ്രത്തിനുകൂടി ഇടയാക്കുകയില്ലേ?

കത്തോലിക്കാകോൺഗ്രസ് പ്രതിനിധിസമ്മേളനത്തിൽ കോൺഗ്രസ് പാർട്ടിക്കുതന്നെ കത്തോലിക്കരെല്ലാം വോട്ടുചെയ്യണമെന്നു കൊണ്ടുവന്ന അഭ്യർത്ഥന, നിയമാവലിക്കും കീഴ്നടപ്പിനും രാജ്യത്തിന്റെയും സമുദായത്തിന്റെയും ഉത്തമതാല്പര്യങ്ങൾക്കും സമുദായസൗഹാർദ്ദത്തിനു തന്നെയും യോജിച്ചതല്ല. സമുദായം ഒന്നടങ്കം ഒരുപാർട്ടിക്കുതന്നെ വോട്ടുചെയ്യണമെന്നു പറയുന്നതു് പൊതുരാഷ്ട്രീയകാര്യത്തിലേയ്ക്കുള്ള ഒരു ചാട്ടം തന്നെയാണ്. കത്തോലിക്കരെ പ്രത്യേകം സംബന്ധിക്കുന്ന കാര്യങ്ങളിലല്ലാതെ പൊതു രാഷ്ട്രീയപരിപാടി കത്തോലിക്കാകോൺഗ്രസ് സ്വീകരിക്കുന്നതു് അതിന്റെ നിയമത്തെത്തന്നെ ലംഘിക്കയാണ്. ഇവിടത്തെ ജനങ്ങളെല്ലാം ഓരോ സമുദായങ്ങളിൽപെട്ടവരാണല്ലോ. കത്തോലിക്കർ ഒരു വലിയ ജനവിഭാഗമാണെങ്കിലും ന്യൂനപക്ഷംതന്നെയാണ്. ജനസംഖ്യയുടെ അഞ്ചിലൊന്നു മാത്രമേ കത്തോലിക്കരുള്ളു. മററു സമുദായങ്ങളുടെ സംഘടനകളോടൊന്നും ആലോചിക്കാതെ ഒററപ്പെട്ടുനിന്നുകൊണ്ടു് ഈവിധം ഒരു നില സ്വീകരിക്കണമെന്നു പറയുന്നതു് പൗരസഞ്ചയത്തോടു് സഹകരിച്ചു പ്രവർത്തിക്കേണ്ട സ്വസമുദായത്തെ മററുള്ളവരുടെ ഈർഷ്യയ്ക്കു പാത്രമാക്കി ഒററപ്പെടുത്തുകയാണ്. കോൺഗ്രസ്സിനുതന്നെ വോട്ടുചെയ്യണമെന്നു് തീരുമാനമെടുക്കുകയല്ലാ, അപേക്ഷിക്കുക മാത്രമേ ചെയ്തുള്ളു; മനസ്സുള്ളവർ സ്വീകരിച്ചാൽ മതിയല്ലോയെന്നു് പറയുമായിരിക്കും. എങ്കിലും അതും ആക്ഷേപാർഹംതന്നെ. നായർ സർവ്വീസ് സൊസൈററിയോ, എസ്. എൻ. ഡി. പി. യോ, സിറിയൻ ക്രിസ്ത്യൻ മഹാസഭയോ, മുസ്ലീംലീഗോ, സ്വീകരിച്ചിട്ടില്ലാത്ത ഈ നയം നാം എന്തിനായി സ്വീകരിക്കണം?...

കോൺഗ്രസ് സ്ഥാനാർത്ഥികളിൽ ദൈവമില്ലെന്നും, മതം വേണ്ടെന്നും പറയുന്നവരും മതനിഷിദ്ധമായ സംഘടനകളിലെ ചില അംഗങ്ങളേക്കാൾ കൂടുതൽ നശീകരണ ആശയങ്ങളുള്ളവരും ഉണ്ടെന്നു കണ്ടാലും വിവേചന കൂടാതെ അവർക്കെല്ലാം കത്തോലിക്കർ വോട്ടുനൽകിക്കൊള്ളണമെന്നാണോ അഭ്യർത്ഥിക്കുന്നതു്? നീതിയും രാജ്യസ്നേഹവുമുള്ള പൗരന്മാർ ഈ അഭ്യർത്ഥന സ്വീകരിക്കുമോ? ഇതു് കത്തോലിക്കാ ആദർശങ്ങൾക്കു യോജിച്ചതാണോ? ഓരോ നിയോജക മണ്ഡലത്തിലേയും സ്ഥാനാർത്ഥികളെപ്പററി ശരിയായി മനസ്സിലാക്കി കാര്യവിവരവും നീതിയും നെറിവും ഉള്ളവർക്കു് വോട്ടുചെയ്യുവാനുള്ള വോട്ടർമാരുടെ ചുമതലാബോധത്തെ നശിപ്പിച്ചു് അവരെ വഴിതെററിക്കുവാനുള്ള ശ്രമമായിട്ടല്ലേ ഈ അഭ്യർത്ഥനയെ പരിഗണിക്കേണ്ടതു്? കുററിച്ചൂലുകൾക്കു് വോട്ടുചെയ്യണമോ? എന്നൊരു ചോദ്യം ഇവിടെ നടപ്പിലുണ്ടല്ലോ.

തങ്ങളുടെ സ്വന്തക്കാർക്കോ, തങ്ങൾക്കു വോട്ടു നൽകി സഹായിച്ചിട്ടുള്ളവർക്കോ, കൺട്രാക്ടുകൾ, റേഷൻകടകൾ, ബസ്സ് റൂട്ടുകൾ മുതലായവ ശുപാർശകൾവഴി ആദായകരമായ നിലയിൽ നേടിക്കൊടുത്തും മററു സ്വാർത്ഥം നേടീട്ടുള്ളവരും, ആവശ്യമില്ലാത്ത കമ്മററികളിൽ ഇരുന്നു് ഗവണ്മെന്റു പണം പതിനായിരക്കണക്കിനു് വാങ്ങിയവർക്കും, ഉദ്യോഗസ്ഥന്മാരുടെ ന്യായബോധത്തെ ശുപാർശകൾകൊണ്ടു വ്യതിചലിപ്പിക്കുന്നവരും പൊതുക്കാര്യങ്ങളിൽ ഒരിടത്തും ഒരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്തവരും ആയതിനു വേണ്ട കഴിവില്ലാത്തവരും ഗ്രൂപ്പുനേതാക്കന്മാരുടെ വെറും കൈപൊക്കി പാവകളായി മാത്രം കഴിയാനേ സാധിക്കൂ എന്ന നിലയിലുള്ളവരും കോൺഗ്രസ് സ്ഥാനാർത്ഥികളായി നിന്നാൽ അവർക്കും കത്തോലിക്കർ വോട്ടുനൽകണമെന്നു പറയുന്നതു കഷ്ടമല്ലേ?....

പട്ടം മതവിശ്വാസിയാണെന്നു് എങ്ങിനെ അറിഞ്ഞുവെന്നു് അപ്നാദേശ് ചോദിക്കുന്നുണ്ടു്. ഞങ്ങൾ രാഘവയ്യായുടെ കാലത്തും മററും നിയമസഭയിൽ ഒരുമിച്ചിരുന്നു് പാർട്ടിയുണ്ടാക്കിയും, കമ്മററികളിലും മററും ഇരുന്നും പ്രവർത്തിച്ച കാലത്തുണ്ടായ അടുത്ത സമ്പർക്കത്തിൽനിന്നു് അറിയാൻ കഴിഞ്ഞതാണ്. ഒരുത്തന്റെ ദൈവവിശ്വാസത്തെ അളക്കുന്നതിനുള്ള യന്ത്രസാമഗ്രികളൊന്നും ഇല്ലല്ലോ. ശ്രീമാൻ പട്ടം ക്ഷേത്രത്തിൽ പോകാറും, ഹിന്ദുമതാചാരപ്രകാരമുള്ള ചടങ്ങുകളിൽ സംബന്ധിക്കാറുമുണ്ടായിരുന്നുവെന്നു് എനിക്കു നല്ലവണ്ണം അറിയാം. അദ്ദേഹം ക്രിസ്ത്യാനികളുടെ പൊതുശത്രുവാണെന്നു പറയുന്നു; എനിക്കറിവില്ല. എന്നാൽ കോൺഗ്രസ്സിലുള്ള ഹിന്ദുക്കളെല്ലാം ക്രിസ്ത്യാനികളുടെ ഉററമിത്രങ്ങളും, ക്രിസ്ത്യാനികളെല്ലാം, ഹിന്ദുക്കളുടെ ഗുണകാംക്ഷികളുമാണെന്നു് ആർക്കെങ്കിലും ഖണ്ഡിച്ചു പറയാമോ? പാർട്ടിയിൽ ചേർന്നാൽ ശത്രുത്വം കുറയുകയല്ലേ ചെയ്യുന്നതു്. അപ്നാദേശിൽ ഇതെല്ലാം പറഞ്ഞിരിക്കുന്ന താരാണെന്നു് എല്ലാവർക്കുമറിയാം. ആ ആൾ സമുദായത്തിനും, രാജ്യത്തിനും വേണ്ടി എന്തു ത്യാഗമാണു് ചെയ്തിട്ടുള്ളതെന്നും, ഇപ്പോൾ ഇരിക്കുന്ന നിലയിൽ എത്തിയതെങ്ങിനെയെന്നും ജനങ്ങൾ മന

(ശേഷം നാലാം പേജിൽ)

കോൺഗ്രസ് പ്രസിഡണ്ടുനെഹ്റുവിന്റെ തെരഞ്ഞെടുപ്പുപര്യടനം

തിരു–കൊച്ചിസംസ്ഥാനത്തു് ഇന്നലെ ആരംഭിച്ചു

കോയമ്പത്തൂർ, ഫെ: 4

തിരു—കൊച്ചി സംസ്ഥാനത്തു് തെരഞ്ഞെടുപ്പുപ്രചരണം നടത്തുന്നതിനുവേണ്ടി കോൺഗ്രസ് പ്രസിഡണ്ടു് പണ്ഡിററ് ജവഹരിലാൽ നെഹ്റു ഇന്നു് അപരാഹ്നത്തിൽ വിമാനമാർഗ്ഗം ഇവിടെ വന്നുചേർന്നു.

കോൺഗ്രസ് പ്രസിഡണ്ടിനെ വഹിച്ചുകൊണ്ടു് സ്പെഷ്യൽ വിമാനം കൃത്യം 2. 30–നു് പീലമേഡു വിമാനത്താവളത്തിൽ എത്തി. നെഹ്റു വിമാനത്തിൽനിന്നു് ഇറങ്ങിയപ്പോൾ വിമാനത്താവളത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗത്തിന്റെ ഇരുവശങ്ങളിലും തിങ്ങിക്കൂടിനിന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളുമുൾപ്പെടെ ഒരു വലിയ ജനക്കൂട്ടം ''ജവഹരിലാൽ കീ ജേയ്'' എന്ന വിളികളോടെ നെഹ്റുവിനെ സ്വാഗതംചെയ്തു.

കോൺഗ്രസ് പ്രസിഡണ്ടിനെ സ്വീകരിക്കുന്നതിനു് വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നവരുടെ കൂട്ടത്തിൽ മദ്രാസ് ധനകാര്യമന്ത്രി സി. സുബ്രഹ്മണ്യം, ഡോ: പി. സുബ്ബരായൻ, തിരു–കൊച്ചിയുടെ മുഖ്യമന്ത്രി എ. ജെ. ജോൺ, തിരു–കൊച്ചി പി. സി. സി. പ്രസിഡണ്ടു് കെ. പി. മാധവൻനായർ എന്നിവരുമുൾപ്പെടും.

വിമാനത്താവളത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുമായുള്ള പരിചയപ്പെടുത്തലിനുശേഷം നെഹ്റു, കാർമാർഗ്ഗം തിരു–കൊച്ചി സംസ്ഥാനാതിർത്തിയിലേയ്ക്കു് തിരിച്ചു.

നെഹ്റുവിനെ ഒരുനോക്കു കാണുന്നതിനുവേണ്ടി വിമാനത്താവളം മുതൽ നഗരാതിർത്തിവരെ 5 മൈൽ നീളത്തിൽക്കിടക്കുന്ന റോഡിന്റെ ഇരുപാർശ്വങ്ങളിലും, കഠിനമായ വെയിലിനെ വകവയ്ക്കാതെ, അനേകായിരം ജനങ്ങൾ അണിനിരന്നു നിന്നിരുന്നു. നെഹ്റു റോഡിലൂടെ പോകവേ, ജനങ്ങൾ കൂപ്പുകൈകൾ അർപ്പിച്ചു.

ഇവിടെനിന്നു് 25 മൈൽ അകലെ സ്ഥിതിചെയ്യുന്ന കൊഴിഞ്ഞാംപാറ എന്ന സ്ഥലത്തുവച്ചു് ഇന്നു വൈകിട്ടു് സ്ഥലത്തെ കോൺഗ്രസ് കമ്മററി നെഹ്റുവിനു് ഒരു സ്വീകരണം നൽകുന്നതാണ്. അനന്തരം നെഹ്റു, നെന്മാറയിലും വടക്കാഞ്ചേരിയിലും തൃശ്ശൂരിലും ഓരോ പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതായിരിക്കും.

തിരു–കൊച്ചിയിൽ അടുത്ത 6 ദിവസങ്ങളിലായി നെഹ്റു ഏകദേശം 100 യോഗങ്ങളിൽ പ്രസംഗിക്കുന്നതാണെന്നു് അറിയുന്നു.

നെഹ്റുവിന്റെ പരിപാടി

ഫെബ്രുവരി 5–ാംനു- വെള്ളിയാഴ്ച

കാലത്തു്

8·30–ന തൃശ്ശൂർനിന്നു പുറപ്പെടും. തിരൂർവച്ചു് ഹാരാർപ്പണം. 9·15–ന വടക്കാഞ്ചേരിയിൽ എത്തുന്നു. 15 മിനിററു സംസാരിക്കുന്നു. 9·30–ന കുന്നംകുളത്തേക്കു പുറപ്പെടുന്നു. വഴിക്കു് എരുമപ്പെട്ടിയിൽവച്ചു് ഹാരാർപ്പണം. 10·15–നു് കുന്നംകുളത്തെത്തുന്നു. 15 മിനിററു സംസാരിക്കുന്നു. 10·30–ന മുണ്ടൂരിലേക്കു പുറപ്പെടുന്നു. 10·50–ന മുണ്ടൂരിലെത്തുന്നു (ഹാരാർപ്പണം).10·55–ന പുഴയ്ക്കലെത്തുന്നു (ഹാരാർപ്പണം). 11·40–ന കാഞ്ഞാണി, മണലൂർ, കണ്ടശാങ്കടവുവഴി അന്തിക്കാട്ടെത്തുന്നു. 15 മിനിററു സംസാരിക്കുന്നു.

ഉച്ചതിരിഞ്ഞു്

12·10–ന പെരിങ്ങോട്ടുകാവഴി ചേർപ്പിൽ എത്തുന്നു. രണ്ടിടത്തിലും ഹാരാർപ്പണം. 12·30–ന തൃശ്ശൂരിൽ എത്തുന്നു (ഹാരാർപ്പണം). (രാമനിലയത്തിൽ ഉച്ചഭക്ഷണം). 1·45–നു് ഒല്ലൂരിലേക്കു പുറപ്പെടുന്നു. 1–55–നു് ഒല്ലൂരിലെത്തുന്നു (ഹാരാർപ്പണം). 2–നു് അളകപ്പനഗറിലെത്തുന്നു (ഹാരാർപ്പണം). 2·10ന പുതുക്കാട്ടെത്തുന്നു. (ഹാരാർപ്പണം). 2·30–ന കൊടകരയെത്തുന്നു (ഹാരാർപ്പണം). 2·45–ന ചാലക്കുടിയിലെത്തുന്നു. 15 മിനിററു സംസാരിക്കുന്നു. 3·30–ന മാളയിലെത്തുന്നു (ഹാരാർപ്പണം). 4·10–ന കൊമ്പൊടിഞ്ഞാമാക്കൽ, കല്ലേററിങ്കര, ഇരിങ്ങാലക്കുട (ഹാരാർപ്പണം), വെള്ളാങ്ങല്ലൂർ (ഹാരാർപ്പണം) ഈ പ്രദേശങ്ങൾവഴി പുല്ലൂററത്തി, കടത്തുകടന്നു കൊടുങ്ങല്ലൂരെത്തുന്നതാണ്. 15 മിനിററു സംസാരിക്കും. 5·5–നു് അഴീക്കോട്ടുവന്നു ബോട്ടിൽ അയ്യമ്പിള്ളിയിലേക്കു കടന്നു പള്ളത്താംകുളങ്ങരമൈതാനത്തിൽ എത്തുന്നു (ഹാരാർപ്പണം). 5·30–ന ബോട്ടുമാർഗ്ഗം പറവൂർ എത്തുന്നു. 15 മിനിററു സംസാരിക്കുന്നു. 6–ന കോട്ടപ്പുറത്തു് (ആലങ്ങാട്ടു്) എത്തുന്നു (ഹാരാർപ്പണം).6·15–നു് ആലുവായിലെത്തുന്നു. 15 മിനിററു സംസാരിക്കുന്നു. 6·40–നു് എടപ്പിള്ളിയിലെത്തുന്നു (ഹാരാർപ്പണം). 7–നു് എറണാകുളത്തെത്തുന്നു. 7 മുതൽ 8 വരെ പൊതുയോഗം. 8–നു് ആലുവായ്ക്കു പുറപ്പെടുന്നു. 8·30–നു് ആലുവാ കൊട്ടാരത്തിൽ താമസം.

പരാതികൾ

ഗവ:ന്റെ സർക്കലർ

(സ്വ–ലേ) തിരു: ഫെബ്രു.: 4

പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾക്കു് ഉടനടൻതന്നെ മറുപടികൾ അയയ്ക്കേണ്ട ആവശ്യകതയെ ഊന്നിപ്രസ്താവിച്ചുകൊണ്ടു് ഗവ:ൽ നിന്നും എല്ലാ ഡിപ്പാർട്ടുമെന്റുമേധാവികൾക്കും ഒരു സർക്കലർ അയച്ചിരിക്കുന്നു.

'കോൺഗ്രസ്സ്' കഴിച്ച് ഓടയിൽവീണു

(സ്വ–ലേ) തിരു: ഫെ: 4

ഇന്നലെരാത്രി തിരുമലസ്വദേശിയായ ഒരു യുവാവു് സൈക്കിളിൽപോകവേ ജഗതിപാലത്തിനു സമീപമുള്ള ഒരു വിളക്കുമരത്തിൽ മുട്ടി നിലംപതിച്ചു് അതികഠിനമായ പരുക്കുകളോടെ അതിനടുത്തുള്ള ഒരു ഓടയിൽ ഏകദേശം രണ്ടുമണിക്കൂർനേരം ബോധരഹിതനായി കിടന്നിരുന്നുവെന്നറിയുന്നു. ബോധംമറയുവോളം മദ്യപിച്ചിരുന്ന ഇയാൾ ഒരു കോൺഗ്രസ്സുപ്രവർത്തകൻ കൂടിയാണെന്നും റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു്.

മററൊരു റൗഡിസം

(പ്ര–ലേ) പാവുക്കര, ഫെ: 5

ഇന്നലെ രാത്രി കടപ്രനിയോജകമണ്ഡലത്തിൽപ്പെട്ട പാവുക്കര എന്നസ്ഥലത്തു് സ്ക്വാഡുവർക്കു് നടത്തിവന്ന ഏതാനും പി. എസ്. പി. സഖാക്കളെ നൂറുപേരോളമുള്ള ഒരു കോൺഗ്രസ്ഗുണ്ടാസംഘം ആക്രമിച്ചതിന്റെ ഫലമായി ഏതാനുംപേർ കഠിനതരമായ പരുക്കുകളേററു് അവശരായി ആശുപത്രിയെ അഭയംപ്രാപിച്ചിരിക്കുന്നു.

തിരു_കൊച്ചിസ്റ്റേററിൽകോൺഗ്രസ്സല്ല, പോപ്പാണു് മത്സരിക്കുന്നതു്

പി.എസ്. പി. നേതാവു് റാംമനോഹർലോഹ്യായുടെ പ്രസ്താവന—ലോഹ്യ ഫെബ്രുവരി 7–നു്

തിരു–കൊച്ചിയിലേക്കു പുറപ്പെടും

ബോംബെ, ഫെബ്രു.: 4

ഈ പൊതുതെരഞ്ഞെടുപ്പിൽ കത്തോലിക്കർ ഐക്യമുന്നണിക്കു വോട്ടുചെയ്യുന്നതിനെ നിരോധിച്ചുകൊണ്ടു് വരാപ്പുഴ കത്തോലിക്കാ ബിഷോപ്പ് പുറപ്പെടുവിച്ചിരിക്കുന്ന ഒരു ''ഇടയലേഖന''ത്തെ പ്രജാസോഷ്യലിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറി ലോഹ്യാ ശക്തിയായി അപലപിച്ചിരിക്കുന്നു.

ലോഹ്യ ഇപ്രകാരം പ്രസ്താവിച്ചു:—ഈ ഇടയലേഖനംകൊണ്ടു മനസ്സിലാക്കേണ്ടതു് തിരു–കൊച്ചി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു് കോൺഗ്രസ്സല്ലാ, പോപ്പാണെന്നും, കോൺഗ്രസ്സിന്റെ വിജയം പോപ്പിന്റെ വിജയമായിരിക്കുമെന്നുമാണ്. തിരു–കൊച്ചിയിലെ കോൺഗ്രസ് കേവലം ക്രിസ്ത്യൻപാർട്ടിയല്ലാതെ മറെറാന്നുമല്ല.

തിരു–കൊച്ചിയിൽ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ സംഭവിക്കാവുന്നതിൽവച്ചു് ഏററവും നല്ല കാര്യം, പ്രജാസോഷ്യലിസ്റ്റ്, റവലൂഷനറി സോഷ്യലിസ്റ്റ്, കേരളാ സോഷ്യലിസ്റ്റ് എന്നീ പാർട്ടികളിലെ സ്ഥാനാർത്ഥികളുടെ പരിപൂർണ്ണ വിജയമാണ്.

പ്രജാസോഷ്യലിസ്റ്റുകാർ കേവലം ഒരു ''ബാലൻസിംഗ് ഫോർസ്'' ആയിത്തീരുന്നപക്ഷം, പാർട്ടി സ്റ്റേററുമെന്റു്, രണ്ടു പ്രത്യേകനയങ്ങളിലേതെങ്കിലുമൊന്നാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. അതായതു്, ഒന്നുകിൽ, കൂടിച്ചേർന്നു സഹകരിക്കാതെ സഹിഷ്ണുത പാലിക്കുക, അല്ലെങ്കിൽ തങ്ങളുടെ പരിപാടികളുമായി സൗമ്യമുള്ള ഗ്രൂപ്പുകളുമായി കൂട്ടുചേരുക.

കൂട്ടുചേരാതെ സഹിഷ്ണുത പാലിക്കുക എന്ന നയത്തെയാണു് താൻ കൂടുതൽ ഊന്നിപ്പറയുവാനിഷ്ടപ്പെടുന്നതെന്നും രാജ്യത്തെ രാഷ്ട്രീയമണ്ഡലത്തിൽ അതൊരു പുതിയ യുഗംതന്നെ സൃഷ്ടിക്കുമെന്നും ലോഹിയാ പറഞ്ഞു. പ്രതിഫലേച്ഛകൂടാതെ സുസ്ഥിരത നൽകുവാൻ പ്രജാസോഷ്യലിസ്റ്റുകാർ സന്നദ്ധരായിരിക്കുമെന്നും പക്ഷെ അതിനുള്ള ഏക വ്യവസ്ഥ, ഏതെങ്കിലുമൊരു ഗവണ്മെന്റു് തങ്ങളുടെ താല്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ചുതുടങ്ങിയാലുടൻ തങ്ങൾ അതിനെ തകർക്കുമെന്നുള്ളതാണെന്നും അദ്ദേഹം വ്യക്തമാക്കി.

കോൺഗ്രസ് നേതാക്കന്മാർ, അടുത്ത തെരഞ്ഞെടുപ്പിൽ തങ്ങൾക്കു വിജയം ലഭിക്കുമെന്നു പറയുന്നതു്, ലോകത്തിലെ ഏററവും വലിയ സംഘടനകളിലൊന്നായ കത്തോലിക്കാസഭയുടെ പിന്തുണ തങ്ങൾക്കുറപ്പു നൽകപ്പെട്ടിട്ടുള്ളതുകൊണ്ടാണെന്നു ഡാ:ലോഹിയാപ്രസ്താവിച്ചു.

പ്രജാസോഷ്യലിസ്റ്റുപാർട്ടി, തിരു–കൊച്ചിയിലെ ഇടതുപക്ഷ ഐക്യമുന്നണിപാർട്ടിക്കു് പിന്തുണ നൽകിയതെന്തുകൊണ്ടെന്നു ചോദിച്ചപ്പോൾ, ഭരണകക്ഷിയായ കോൺഗ്രസ്സിനെ അധികാരത്തിൽനിന്നും നീക്കപ്പെട്ടിരിക്കുന്നതിനാൽ, പ്രതിപക്ഷകക്ഷികളുമായി ഒരു തെരഞ്ഞെടുപ്പു സഖ്യത്തിലേർപ്പെടുകയല്ലാതെ തങ്ങൾക്കു ഗത്യന്തരമില്ലാതെവന്നു എന്നദ്ദേഹം പറഞ്ഞു. ഇതരപരിത:സ്ഥിതികളിൽ ഇടതുപക്ഷക്കാരെ അധികാരത്തിൽനിന്നും നീക്കം ചെയ്തിരുന്നു എങ്കിലും, പ്രജാസോഷ്യലിസ്റ്റുപാർട്ടി, കോൺഗ്രസ്സുമായി ഒരു തിരഞ്ഞെടുപ്പുസഖ്യത്തിലേർപ്പെടുമായിരുന്നു എന്നദ്ദേഹം വിശദമാക്കി.

ഡോ: ലോഹിയാ തിരു:കൊച്ചിയിൽ തിരഞ്ഞെടുപ്പുപ്രചാരണത്തിനായി 4, 5 ദിവസത്തെ പര്യടനം നടത്തുന്നതിനു് ഫെ: 7–ാംനു- പുറപ്പെടുന്നതാണ്.

പട്ടംതാണുപിള്ളയുടെനേരേ കല്ലേറു് നടത്തി

(പ്ര–ലേ) പാമ്പാടി, ഫെ: 4

പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ ഇന്നു പര്യടനം നടത്തിയ പട്ടം താണുപിള്ളയ്ക്കു് വെള്ളൂരുവച്ചും, പാമ്പാടിയിൽവച്ചും രണ്ടു ഗുണ്ടാപ്രവർത്തനങ്ങളെ നേരിടുന്നതിനിടയായി. അതിൽ ഇന്നു വൈകിട്ടു പാമ്പാടി ചന്തമൈതാനത്തു കൂടിയ യോഗത്തിൽവച്ചുണ്ടായ കല്ലേറായിരുന്നു വലിയ ഗുണ്ടായിസം. പട്ടത്തിനു യാതൊരപകടവും പററിയില്ല. യോഗഭാരവാഹികളുടെ മുക്കാൽ മണിക്കൂർനേരത്തെ പരിശ്രമഫലമായി യോഗം നിയന്ത്രണാധീനമായി. തുടർന്നു് അദ്ദേഹം അരമണിക്കൂർനേരം പ്രസംഗിക്കയുമുണ്ടായി. സംഭവവിവരം താഴെച്ചേർക്കുന്നു:—ഒരു വമ്പിച്ച ജനതയുടെ അകമ്പടിയോടുകൂടി പട്ടത്തിനെ ആലാമ്പള്ളിക്കവലയിൽനിന്നു് യോഗസ്ഥലമായ പാമ്പാടി ചന്തമൈതാനത്തേക്കാനയിച്ചു. പാമ്പാടി ചന്തമൈതാനത്തുവച്ചു് യോഗമാരംഭിച്ചു. ഏഴുമണിക്കു് അദ്ദേഹം പ്രസംഗമാരംഭിച്ചു. മുക്കാൽമണിക്കൂർനേരം പ്രസംഗിച്ചുകഴിഞ്ഞപ്പോൾ യോഗത്തിൽ ജനങ്ങളുടെ മദ്ധ്യത്തിൽ ഒരു കല്ലുവന്നുവീണു. രണ്ടാമതൊരു കല്ലുംകൂടി യോഗസ്ഥലത്തു വീഴുകയും അതു് യോഗത്തിൽ സംബന്ധിച്ചിരുന്ന വെള്ളൂർ സ്വദേശിയായ ഒരു യുവാവിന്റെ തലയ്ക്കു പുറകിൽ കൊള്ളുകയും ചെയ്തു. പെട്ടെന്നു യോഗാന്തരീക്ഷത്തിനു് ഒരു മാററം വന്നുവെങ്കിലും യോഗം നിയന്ത്രിക്കാൻ കഴിഞ്ഞു.

എന്നാൽ തുടർന്നു് അഞ്ചു പ്രാവശ്യം പ്രസംഗപീഠത്തിനു പിമ്പിലായി കല്ലുകൾ വന്നുപതിച്ചു. ഇതോടുകൂടി ജനങ്ങൾ ഇളകിപരിഭ്രാന്തരായി. ഒടുവിൽ അഞ്ചുകല്ലുകളിൽ ചിലതു പ്രസംഗപീഠത്തിനു് 20 അടി അകലം മാത്രമുള്ള കോൺഗ്രസ് ഇലക്ഷൻ ആഫീസിന്റെ ഭാഗത്തുനിന്നാണു വന്നതു്. ജനങ്ങൾ കോൺഗ്രസ് ഇലക്ഷനാഫീസിന്റെ നേരെ കുതിച്ചു തടിച്ചുകൂടി. എങ്കിലും യോഗഭാരവാഹികളുടെയും, പട്ടത്തിന്റെയും തുടരെത്തുടരെയുള്ള അഭ്യർത്ഥനകളുടെ ഫലമായി മുക്കാൽമണിക്കൂർനേരംകൊണ്ടു് യോഗം നിയന്ത്രണാധീനമായി. തുടർന്നു ഈ ഗുണ്ടായിസത്തെ വിമർശിച്ചുകൊണ്ടും, ജനങ്ങൾ സമാധാനംപാലിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടും അരമണിക്കൂർ കൂടി പ്രസംഗിച്ചു. തുടർന്നു് ആററിങ്ങൽ ഗോപാലൻനായരും യോഗത്തിൽ പ്രസംഗിച്ചു.

മറെറാരു ഗുണ്ടായിസംനടന്നതു് വെള്ളൂർ വച്ചാണ്. നിയോജകമണ്ഡലത്തിന്റെ വിവിധഭാഗങ്ങളിൽ സഞ്ചരിച്ചു് അദ്ദേഹം വെള്ളൂർ (7–ാം മൈലിൽ) എത്തി. അവിടെ നടന്ന സ്വീകരണയോഗത്തിൽ പ്രസംഗിക്കാൻ മുതിർന്നപ്പോൾ ചിലർ ഗോബായ്ക്കുവിളികളും, കോൺഗ്രസ് ജേവിളികളും കൊണ്ടു് യോഗാന്തരീക്ഷം താറുമാറാക്കിയെങ്കിലും അവിടെയും ഗുണ്ടായിസത്തെ വെന്നുകൊണ്ടു് അദ്ദേഹം പ്രസംഗിച്ചു.

കോൺഗ്രസ് റൗഡിസത്തെപ്പററി പട്ടം

(സ്വ–പ്ര) കോട്ടയം, ഫെ: 4

ഇന്നു നടന്ന കല്ലേറിനെപ്പററി പട്ടം താണുപിള്ള ചുവടേ ചേർക്കുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

കോൺഗ്രസ്സു് റൗഡിത്താങ്ങൾ സകല സീമകളേയും അതിലംഘിച്ചുകാണുന്നതു് ഖേദകരമായിരിക്കുന്നു. ആചാര്യകൃപലാനി ഇയ്യിടെ ഈ സ്റ്റേററിൽ നടത്തിയ പര്യടനത്തിനിടയിൽ പലസ്ഥലങ്ങളിൽവച്ചു് കോൺഗ്രസ്സുകാർ അദ്ദേഹത്തെ കല്ലെറിയുകയും ഗോബായ്ക്കു് വിളിച്ചപമാനിയ്ക്കുകയും ചെയ്തകഥ ഇതിനകംപ്രസിദ്ധമായിക്കഴിഞ്ഞിട്ടുണ്ടല്ലോ. 4–2–54–ൽ ഞാൻ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ ഒരു പര്യടനം നടത്തി. വൈകുന്നേരം ഞാനും പാർട്ടിയും വെള്ളൂരെത്തി. അവിടെ കൂടിയിരുന്നവരോടു് ഞാൻ ഒരു പ്രസംഗം ചെയ്യുവാനാരംഭിച്ചു. ഏതാനും ആളുകൾ—അവരിലൊരാൾ മാളക്കടെ ഹോമിയോ ഡാക്ടർ ബേബിയും മറെറാരാൾ തോടുകത്തു് കുഞ്ഞച്ചനുമാണെന്നു് പറയപ്പെടുന്നു—''പട്ടം ഗോബായ്ക്കു്'' എന്ന മുദ്രാവാക്യം വിളിച്ചുപറഞ്ഞുകൊണ്ടു് കുറെ പിള്ളേരെക്കൊണ്ടു് ഏററുപറയിച്ചു. അവരുടെ ശബ്ദകോലാഹലങ്ങൾമൂലം എന്റെ പ്രസംഗം കുറച്ചുസമയത്തേയ്ക്കു നിർത്തേണ്ടതായിവന്നു. പക്ഷേ ഞാൻ പ്രസംഗം തുടർന്നതോടുകൂടി അവർ പിന്മാറുകയും ഞാൻ പ്രസംഗം അവസാനിപ്പിക്കുകയും ചെയ്തു.

അതിനുശേഷം വൈകുന്നേരം പാമ്പാടി ചന്തമൈതാനത്തുവച്ചു് ഒരു വലിയസംഘം ആളുകൾ കൂടിയിരുന്ന പൊതുയോഗത്തിൽ ഞാൻ പ്രസംഗിച്ചു. എന്റെ പ്രസംഗം ആരംഭിച്ചു കുറച്ചുകഴിഞ്ഞപ്പോൾ, സാമാന്യം വലിപ്പമുള്ള ഒരു കല്ലു് എന്റെ പിന്നിൽക്കൂടി വന്നു് ജനമദ്ധ്യത്തിൽ നിന്നിരുന്ന ഒരു യുവാവിന്റെ തലയിൽ വീണു. ഞാൻ പ്രസംഗം തുടരുകയും, ശ്രോതാക്കളോടു് ക്ഷമയോടും സമാധാനത്തോടുമിരിക്കുവാനഭ്യർത്ഥിക്കയും ചെയ്തു. വീണ്ടും എന്റെ പിൻഭാഗത്തുനിന്നും കൂടുതൽ കല്ലുകൾവന്നു് എന്റെ സമീപത്തായിവീണുകൊണ്ടിരുന്നു. കോൺഗ്രസ്സു് സ്ഥാനാർത്ഥിയുടെ ആഫീസ് ഞാൻ നിന്നിരുന്ന പ്ളാററുഫാറത്തിന്റെ പിന്നിൽ ഉദ്ദേശം 25 അടി അകലത്തായിരുന്നു. ഒരു മാളികയുടെ രണ്ടാംനിലയിലുള്ള ആഫീസിന്റെ വരാന്തയിൽ ധാരാളം കോൺഗ്രസ്സുകാർ കൂടിനിന്നിരുന്നു. ഇവിടത്തെ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ ''കസിൻ'' ആയ പി. എം. പുന്നൂസും, സ്ഥലത്തെ പഞ്ചായത്തുപ്രസിഡണ്ടായ പ്രഭാകരക്കുറുപ്പും ആക്കൂട്ടത്തിലുണ്ടായിരുന്നു എന്നാണെന്റെ അറിവു്. ശ്രോതാക്കളുടെയിടയിൽ സ്വല്പം ബഹളമുണ്ടായി. അതിനുശേഷം ഞാൻ പ്രസംഗംതുടർന്നു. ജനങ്ങൾ ശാന്തമായിരിക്കണമെന്നും, ഉടൻതന്നെയോ പിന്നീടോ പ്രതീകാരത്തിനൊരുങ്ങരുതെന്നും ഉൽബോധിപ്പിക്കുകയും, പ്രസ്തുത പ്രവർത്തിക്കുത്തരവാദികളായ കോൺഗ്രസ്സുകാരുടെയും അവരുടെ കൂട്ടുകാരുടെയും അനാശാസ്യനടപടിയെ അപലപിക്കുകയും ചെയ്തു.

ഈ അവസരത്തിൽ കോൺഗ്രസ് എലക്ഷൻ ആഫീസിലുണ്ടായിരുന്നവരെല്ലാം പിരിഞ്ഞുപോയി. അതിനുശേഷം കല്ലേറുണ്ടായില്ല. യോഗം വീണ്ടും മുക്കാൽമണിക്കൂർകൂടി നീണ്ടുനിന്നു. അതിനുശേഷം ഞങ്ങൾ പിരിഞ്ഞുപോന്നു.

ഈദൃശസംഭവങ്ങളുടെഉത്തരവാദിത്വത്തിൽനിന്നു് കോൺഗ്രസ്സുകാർക്കു് ഒഴിയുവാൻ സാധിക്കയില്ല. തങ്ങളുടെ കക്ഷി അധികാരത്തിലിരിക്കുന്നതിൽനിന്നും കോൺഗ്രസ്സുകാർ മുതലെടുക്കുകയാണു്. കോൺഗ്രസ് ഗവണ്മെന്റു് ഇക്കാര്യത്തിൽ ഒരു ഗൗരവമായ കൃത്യവിലോപമാണു കാണിക്കുന്നതു്. ഇതിൽനിന്നനുമാനിക്കേണ്ടതു്, കഴിയുമെങ്കിൽ ഏതുമാർഗ്ഗമവലംബിച്ചും തങ്ങളുടെ പാർട്ടിയെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കണമെന്നു് കോൺ: ഗവ: ണ്മെൻറുറച്ചിരിക്കുന്നുഎന്നാണു്.

ദേശബന്ധു
1129 മകരം 23 വെള്ളി

നെഹ്റുവിനു സ്വാഗതം

പണ്ഡിത ജവഹർലാൽ നെഹ്റുവിനു ഞങ്ങൾ ഹാർദ്ദമായ സ്വാഗതമരുളിക്കൊള്ളുന്നു. അദ്ദേഹം ഇന്ത്യയുടെ മഹാനായ പ്രധാനമന്ത്രിയാണ്; മഹത്തായ കോൺഗ്രസ് സംഘടനയെ ഗാന്ധിയൻമാർഗ്ഗത്തിലേക്കും പാരമ്പര്യങ്ങളിലേക്കും തിരിച്ചുകൊണ്ടുവരുവാൻ ഇന്നു മിക്കവാറും ഏകനായിനിന്നുകൊണ്ടാണെങ്കിലും പരമാവധി പരിശ്രമിക്കുന്ന നെഹ്റു കോൺഗ്രസ് പ്രസിഡണ്ടുമാണ്. പണ്ഡിതനെഹ്റുവിന്റെ ഈ മഹനീയപദവികളേയും പരിശ്രമങ്ങളേയും യഥോചിതം സമാദരിക്കാതിരിക്കുവാൻ ഇന്ന് ആർക്കാണു സാദ്ധ്യമാവുക? അദ്ദേഹം ഇപ്പോൾ ഈ സംസ്ഥാനം സന്ദർശിക്കുന്നതു് തിരു–കൊച്ചി കോൺഗ്രസ്സിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പുപ്രചരണാർത്ഥമാണ്. നെഹ്റുവിനെപ്പറ്റി യഥാർത്ഥത്തിൽ ഏറ്റവും സ്നേഹാദരങ്ങൾ ഉള്ളവർക്ക് ഏറെ വ്യസനവും വേദനയും ഉളവാക്കുന്ന സാഹചര്യങ്ങളിലാണല്ലോ ഈ സന്ദർശനം എന്നുള്ളചിന്ത, അവരുടെ സ്വാഗതത്തിന്റെ ആത്മാർത്ഥതയെ തെല്ലും ബാധിക്കുന്നില്ലെങ്കിലും ഖേദത്തെ ഒട്ടുംതന്നെ ലഘൂകരിക്കുന്നില്ല.

ജനങ്ങളുടെ തികച്ചും ന്യായമായ പിന്തുണയോടും ആശംസകളോടുംകൂടി ആറുവർഷം മുമ്പ് ഇവിടെ സമാരംഭിച്ച കോൺഗ്രസ്ഭരണം, ഈ ചുരുങ്ങിയ കാലത്തെ 'ഭരണവിശേഷ'ത്തിന്റെ ഫലമായി സംഘടനയേയും ഭരണക്കാരേയും ജനങ്ങളുടെ അറപ്പിനും വെറുപ്പിനും മൂലപാത്രമാക്കി, ഏതാനും ദിവസങ്ങൾക്കകം നടക്കുവാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പിന്റെ ഫലമോർത്തു് ഞെട്ടലും തലതിരിച്ചിലും വർദ്ധിപ്പിക്കത്തക്ക വിധത്തിൽ അത്രവഷളായി അധഃപ്പതിച്ചതിനേപ്പറ്റിയുള്ള ഖേദവും, ഇങ്ങനെ അധഃപ്പതിപ്പിച്ചവരോടുള്ള അമർഷവും രൂക്ഷതരമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. ഈ ബഹുജനപ്രതിഷേധത്തിലും വിദ്വേഷത്തിലുംനിന്നു വല്ലപ്രകാരത്തിലും തെല്ലെങ്കിലും രക്ഷനേടാമെന്നുള്ള വ്യാമോഹത്തിൽ ഇവിടത്തെ കോൺഗ്രസ് അഖിലേന്ത്യാപ്രശസ്തന്മാരെ, ഒന്നിനുപുറകെ വേറൊന്നായി, നിർബന്ധിച്ചു വരുത്തി ജനങ്ങളെ ഈ കോൺഗ്രസ്സാക്കുവാൻ വൃഥാ പരിശ്രമം നടത്തുകയാണ്–ഈ പരിശ്രമത്തിനു് മകുടം ചാർത്തലാണ് നെഹ്റുവിന്റെ പ്രചരണം.

പക്ഷെ, ഇവിടത്തെ കോൺഗ്രസ്സിന്റെയും കോൺഗ്രസ്സുകാരുടെയും അവരുടെ ഭരണത്തിന്റെയും അകവും പുറവും അരിക്കറിഞ്ഞും അനുഭവിച്ചും, ലജ്ജയ്ക്കും തീരാവേദനകൾക്കും കാരണമായ ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിലും, സ്വന്തം നന്മയും രാജ്യത്തിന്റെ നന്മയും മുൻനിറുത്തി ഈ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുവാൻ തീരുമാനിച്ചുറച്ചിരിക്കുന്ന ജനങ്ങളെ പുതുതായി ആരെന്തു ബോധിപ്പിച്ച് മാനസാന്തരപ്പെടുത്തി കോൺഗ്രസ്സാക്കാനാണ്? പരമാർത്ഥത്തിൽരാഷ്ട്രീയ പ്രബുദ്ധതയേറിയ ഇവിടത്തെ ജനങ്ങളെ ഈയവസരത്തിൽ വിശേഷിച്ചു എന്തു ബോധിപ്പിച്ച് ഇളക്കുകയും മറിക്കുകയും ചെയ്യാനാണ്? തികച്ചും സാദ്ധ്യമല്ലാത്ത സാഹസസംരംഭങ്ങൾ! ഗാന്ധിജിയുടെ കോൺഗ്രസ്സിനെ, ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്ന കോൺഗ്രസ്സിനെ ഇവിടത്തെ ജനങ്ങൾ ഇന്നും ഭക്തിപൂർവ്വം സ്മരിക്കുന്നുണ്ട്, എന്നും സ്മരിക്കുന്നതാണ്. പക്ഷെ, ഗാന്ധിജിയുടെ ആ കോൺഗ്രസ്സാണോ, ഇന്നത്തെ നെഹ്രുവിന്റെ തന്നെയും കോൺഗ്രസ്സാണോ, ഇന്നത്തെ ഈ തിരു–കൊച്ചി കോൺഗ്രസ്സ്? ഗാന്ധിജിയുടെ ഭൗതികാവശിഷ്ടശകലത്തോടൊപ്പം ഇവിടത്തെ കോൺഗ്രസ് അന്നുതന്നെ കന്യാകുമാരിയിലെ സമുദ്രജലത്തിൽ ലയിച്ചതാണ്. എന്നോ മരിച്ചു പുലകുളിഅടിയന്തിരം കഴിഞ്ഞ ഒരു ധന്യന്റെ മുണ്ടുമട്ടുപ്പുകളും കയ്യിലാക്കി അണിഞ്ഞു് അതിന്റെ ഉടമയും പാരമ്പര്യങ്ങളുമവകാശപ്പെടുന്ന ഒരു കശ്മലന്റെ നിലയുമവസ്ഥയും മാത്രമാണ്, സാക്ഷാൽ കോൺഗ്രസ്സിനെ സ്മരിക്കുമ്പോൾ ഇന്നിവിടത്തെ കോൺഗ്രസ്സിനുള്ളതു്. ഇതോർക്കുകയും ഇങ്ങനെയെല്ലാം കാണുകയും അനുഭവിക്കുകയും ചെയ്യുമ്പോഴാണ്, സാക്ഷാൽ കോൺഗ്രസ്സിനെ സ്മരിച്ച് ഇവിടത്തെ ജനങ്ങൾ നെടുവീർപ്പിടുന്നതും, കണ്ണുനീർ വാർക്കുന്നതും, ഇമിറേഷൻകാരെ ആട്ടിപ്പുറത്താക്കുവാൻ മുന്നോട്ടുവരുന്നതും. ഈ തെരഞ്ഞെടുപ്പിൽ ഇവിടത്തെ ജനങ്ങളുടെ മുമ്പിലുള്ള പ്രശ്നം ഇതു മാത്രമാണ്; ഇതു് അവർ നല്ലവണ്ണം കണ്ണുതുറന്നുകാണുന്നുമുണ്ട്. ഇങ്ങനെയിരിക്കെ, ഈ അടിയന്തിരപ്രശ്നവുമായി ബന്ധമില്ലാത്തതും ഇവിടത്തെ സാഹചര്യങ്ങളിൽ അപ്രസക്തവുമായ വാദങ്ങളും ഉൽബോധനങ്ങളും ജനങ്ങളെ അവരുടെ തീരുമാനത്തിൽനിന്നു വ്യതിചലിപ്പിക്കുകയില്ലതന്നെ. സംസ്ഥാനപര്യടനത്തിലേർപ്പെട്ടിരിക്കുന്ന നെഹ്റുവിനെ, അദ്ദേഹത്തിന്റെ പരിപാടികളുടെ ചുമതലക്കാർ ഒരുമാതിരി "തടങ്കൽപ്പുള്ളി"യെന്നവണ്ണം തങ്ങളുടെ ആവശ്യവും പ്ളാനുമനുസരിച്ചുമാത്രം കാണിക്കേണ്ടതു കാണിക്കയും അറിയിക്കേണ്ടതറിയിക്കുകയും ചെയ്യുകയാണ്. പ്രത്യുത: അദ്ദേഹം ഇവിടെ കാണേണ്ടതു കാണുകയും അറിയേണ്ടതറിയുകയും ചെയ്യുന്നപക്ഷം ആ നിമിഷത്തിൽ ഇവിടത്തെ ഭരണം സ്വന്തംചുമതലയിലെടുത്തു് ഡൽഹിയിൽ ചെന്നാലുടൻ നേരിട്ടുള്ള ഭരണത്തിനു് ഒരു റിസീവറെ ഇങ്ങോട്ടയയ്ക്കുമെന്നതു തീർച്ചയാണ്. നെഹ്റുവിന്റെ കൈകൾക്കു ശക്തി വർദ്ധിപ്പിക്കുവാനായി, നെഹ്റുഭരണത്തിൽ വിശ്വാസം രേഖപ്പെടുത്തുവാനായി, ജനങ്ങൾ ഇവിടത്തെകോൺഗ്രസ്സിനു വോട്ടു നൽകണമെന്നാണ് ഇവർ ഉൽബോധിപ്പിക്കുന്നതു്. ജനങ്ങളുടെ ആഗ്രഹമാണെങ്കിൽ, ഇവിടെ യഥാർത്ഥത്തിൽ നെഹ്റുവിന്റെ ഭരണം വരണമെന്നാണ്. പക്ഷെ, ഇവിടത്തെ കോൺഗ്രസ്സുകാർക്കു വേണ്ടതു് അവർക്കിനിയും ഇങ്ങനെ ഭരിക്കത്തക്കവിധത്തിൽ വോട്ടുനേടിക്കൊടുക്കാൻ നെഹ്റു ഇവിടിങ്ങനെവരണമെന്നും പ്രചാരണം നടത്തണമെന്നും മാത്രമാണ്. നെഹ്റുഭരണത്തിനു് അവരുടെ അർത്ഥമിതാണ്. എന്നാൽ, ജനങ്ങൾ ആഗ്രഹിക്കുന്ന നെഹ്റുഭരണം, റിസീവർ മുഖേന നെഹ്റുവിന്റെ നേരിട്ടുള്ള ഭരണമാണ്. പക്ഷെ, എന്തു ചെയ്യാനാണ്, ഇവിടത്തെ യഥാർത്ഥ നിലയും ആവശ്യവും ജനങ്ങളുടെ അഭിലാഷവും ഇതാണെന്നു് അദ്ദേഹം മനസ്സിലാക്കാതിരിക്കത്തക്കവിധത്തിൽ, കട്ടികൂടിയ ഖദർകർട്ടൻ ഇട്ടു മറച്ചാണ് അദ്ദേഹത്തിന്റെ പര്യടനം നടത്തുന്നതു്.

ഏതായാലും, നെഹ്രുവിനെകാണാനും, കണ്ടുസന്തോഷിക്കാനും, അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാനും ഒരവസരം ലഭിക്കുന്നു എന്നതിൽ കൂടുതലായി ഈ പര്യടനം ഇവിടത്തെ തെരഞ്ഞെടുപ്പു ഫലത്തെ ബാധിക്കുവാൻ പോകുന്നില്ലെന്നുവ്യക്തമാണ്. ഇങ്ങനെയുള്ള ഒരേർപ്പാടിനു് ഇടയായതു് നിർഭാഗ്യകരമായിരിക്കുന്നു. അതിനു പ്രത്യേകിച്ചൊരുകാരണവുമുണ്ട്. കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിലാണ് നെഹ്റു ഇപ്പോൾ സംസ്ഥാനപര്യടനം നടത്തുന്നതെങ്കിലും, അദ്ദേഹത്തിന്റെ ഈ നിലയെയും പ്രധാനമന്ത്രിപദത്തെയും നീരുചോരാമുറികളിലാക്കി പ്രത്യേകം സൂക്ഷിക്കുക അസാദ്ധ്യമാണ്. പാർട്ടിപ്രചരണത്തിനു സമാഗതനായിരിക്കുന്ന കോൺ: പ്രസിഡണ്ടു നെഹ്റു, പ്രധാനമന്ത്രി നെഹ്റു എന്ന നിലയിലാണ് സ്വീകരിക്കയും സൽക്കരിക്കയും ചെയ്യപ്പെടുന്നതു്. ആ ഭാവത്തിനു് പരമപ്രാധാന്യം നൽകിയാണ് ഇവിടത്തെ ഏർപ്പാടുകളെല്ലാം. കക്ഷിരാഷ്ട്രീയത്തിലധിഷ്ഠിതമായ പാർലമെന്ററി ഡമോക്രസ്സിയിൽ ഇതുപോലുള്ളഏർപ്പാടുകളുംനടപടികളും യോഗ്യമായ പാരമ്പര്യങ്ങളല്ലാ സൃഷ്ടിക്കുന്നതു്. നെഹ്റുവിന്റെ ഈ സന്ദർശനത്തെ, അദ്ദേഹത്തിന്റെ അനുമതിയോടും അറിവോടുംകൂടിയാണ് ഇങ്ങനെ ചൂഷണംചെയ്യുന്നതെന്നു വിശ്വസിക്കുക സാദ്ധ്യമല്ലാതിരിക്കുന്നു.

ഏതായാലും, പണ്ഡിത നെഹ്റു ഈ സംസ്ഥാനം സന്ദർശിക്കുകയാണ്. അദ്ദേഹത്തിനു് ഏറ്റവും ഹാർദ്ദമായ സ്വാഗതം വീണ്ടും വീണ്ടും അരുളുകയെന്നതു് സന്തോഷമേറിയൊരു കർത്തവ്യമാണ്.

—*—

തെരഞ്ഞെടുപ്പ് അഴിമതികൾ

മന്ത്രിമാരെ, വിശേഷിച്ച് കളത്തിൽ, പനമ്പിള്ളി, ജോൺ, വർഗ്ഗീസ് എന്നിവരെ നിർത്തിയിരിക്കുന്ന നിയോജകമണ്ഡലങ്ങൾ ഭാഗ്യമേറിയവയാകുന്നു. എന്തെന്നാൽ, തെരഞ്ഞെടുപ്പു സമീപിച്ചതിനോടുകൂടി ഈ നിയോജകമണ്ഡലങ്ങളിൽ സ്വർഗ്ഗരാജ്യത്തുനിന്നു മന്നാ പൊഴിയുന്നതുപോലെ സ്കൂളുകൾ, ആശുപത്രികൾ, പാലങ്ങൾ, റോഡുകൾ, ഇലക്ട്രിക്ക് ലൈറ്റുകൾ, റേഡിയോ സെറ്റുകൾ മുതലായവ വന്നങ്ങു കൂടുകയാണ്. കൂടാതെ, മന്ത്രിമാരും പരിവാരങ്ങളും ക്യാമ്പടിച്ച് ഓരോ വോട്ടർമാരുടേയും ക്ഷേമത്തെപ്പറ്റി വീടുതോറും നടന്നു് അന്വേഷിക്കുന്നുമുണ്ട്. കല്യാണത്തിനു് ചെറുക്കനെ ഉണ്ടാക്കിക്കൊടുക്കുന്നിടംവരെ മന്ത്രിമാർ ബദ്ധശ്രദ്ധരാണ്.

ഇങ്ങിനെ സകല അഭിമാനവും പണവുംവച്ച്, കള്ള വാഗ്ദാനങ്ങൾ കോരിച്ചൊരിഞ്ഞു് വീണ്ടും മന്ത്രിമാരാകാൻ ശ്രമിക്കുന്ന ഇവർ മന്ത്രിപദവിയെത്തന്നെ അലങ്കോലമാക്കുന്നതിൽ എന്താണതിശയം. മന്ത്രിമാർ നില്ക്കുന്ന നിയോജകമണ്ഡലങ്ങൾക്കു മാത്രം ഇത്തരം ആനുകൂല്യങ്ങളും പ്രാധാന്യതയും കൊടുക്കുന്നതു് ശരിയോ? ദൈനംദിന ഭരണകാര്യങ്ങൾ ചെയ്യാനല്ലാതെ മറ്റു യാതൊരധികാരവുമില്ലാത്ത ഒരു 'കാവൽമന്ത്രിസഭ' ഇത്തരം പുതിയ ചിലവുകളും വാഗ്ദത്തങ്ങളും ചെയ്യുന്നതു് തികച്ചും നിരുത്തരവാദപരമല്ലേ?

തെരഞ്ഞെടുപ്പുകാലത്തു് വോട്ടുപിടിക്കുവാൻവേണ്ടി നടത്തുന്ന ഈ കുതന്ത്രങ്ങൾ പ്രലോഭനങ്ങളായി വ്യാഖ്യാനിക്കപ്പെട്ട് തെരഞ്ഞെടുപ്പഴിമതികളിൽപെടുത്താവുന്നതാണ്. മന്ത്രിമാരല്ലാത്ത സ്ഥാനാർത്ഥികളോടുകാണിക്കുന്ന ഒരു ചതിവും അപമര്യാദയുംകൂടിയാണിതു്. തെരഞ്ഞെടുപ്പ് സ്വതന്ത്രമായും നീതിപൂർവ്വമായും നടക്കുന്നതിലേക്ക് അന്യായവും അനീതിപരവുമായ എല്ലാവിധ പ്രലോഭനങ്ങളേയും പ്രേരണകളേയും തെരഞ്ഞെടുപ്പുനിയമം കർശനമായി നിരോധിച്ചിട്ടുണ്ട്. രൊക്കംപണം കയ്ക്കൂലി കൊടുക്കുന്നതും കള്ളവോട്ടുകൾ ചെയ്യിക്കുന്നതുംപോലെയുള്ള ഒരഴിമതിയാണ്, സ്വന്തം സ്ഥാനവും പദവിയും അധികാരങ്ങളും വ്യഭിചരിപ്പിച്ച് മന്ത്രിമാർ വോട്ടറന്മാരെ പ്രലോഭിപ്പിച്ചും വാഗ്ദത്തങ്ങൾ നൽകിയും ഭീഷണിപ്പെടുത്തിയും വോട്ടുകൾ സമ്പാദിക്കുന്നതു്. തെരഞ്ഞെടുപ്പിനെ അസാധുവാക്കാൻ തികച്ചും പര്യാപ്തമായ വിധത്തിൽ വൻതോതിലുള്ള അഴിമതികളാണ് ചില മന്ത്രിമാർ ചെയ്യുന്നതു്.

മന്ത്രിമാർചെന്നു പാറിക്കൂടിയിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ ഭാഗ്യത്തിൽ ഞങ്ങൾക്കു് തെല്ലും അസൂയയില്ല. പക്ഷേ, ഈ നിയോജകമണ്ഡലങ്ങളോടു് മന്ത്രിമാർക്കു് ഇപ്പോൾ വന്നിട്ടുള്ള ആവേശനിർഭരമായ പ്രേമത്തെ അവർ ശരിക്കു മനസ്സിലാക്കണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്നലെവരെയില്ലാതിരുന്ന ഈ ദീനാനുകമ്പ, ക്ഷേമാന്വേഷണം, വിനയം, കാലുപിടിത്തം—ഇതിന്റെയെല്ലാം ഉള്ളുകള്ളികളും പൊരുളും അറിഞ്ഞു് ഈ കപടനാടകക്കാരോടു് പെരുമാറിയാൽ രാജ്യത്തിനു് നല്ലതുവരും. അതൊരു നന്ദികേടല്ലേ എന്നു് വിചാരിക്കുന്നവരുണ്ടാവാം. പക്ഷേ, കൃതഘ്നതയുടേയും വഞ്ചനയുടേയും അവതാരമൂർത്തികളായ ഇവർ മുറവുള്ളവരിൽനിന്നും എന്തിനു് നന്ദിയും മറ്റും പ്രതീക്ഷിക്കുന്നു?

—*—

'നെറി'യുള്ളവന്റെ തോളിൽ 'കുറുള്ളവൻ'

ഒരു കസേരയിൽ രണ്ടു തഹശീൽദാരന്മാർ—കോൺ: തഹശീൽദാരും കക്ഷിരഹിത തഹശീൽദാരും

പാലാ, ഫെ: 1

ഇന്നലെ മീനച്ചിൽ താലൂക്കു കച്ചേരിയിൽ രസകരമായ ഒരു സംഭവമുണ്ടായിരിക്കുന്നു. സംഭവം ഇപ്രകാരമാണ്:–മീനച്ചിൽ ജി. പി. തഹശീൽദാർ മി. കുമാരൻ ഒരാഴ്ചത്തെ ക്യാഷ്വൽ ലീവിൽ മധുരയ്ക്കുപോയിരുന്നു. തിരിച്ചുവന്നപ്പോൾ കരുനാഗപ്പള്ളി ജി. പി. തഹശീൽദാർ മി. ജോർജ്ജുപയ്യമ്പള്ളി തന്റെ സ്ഥാനത്തു് ഇരിക്കുന്നതായി കാണപ്പെട്ടു. ഇതിന്റെ കാരണമെന്താണെന്നു് അന്വേഷിച്ചപ്പോൾ ഇരുപത്തിനാലു മണിക്കൂറിനകം മീനച്ചിൽവന്നു ചാർജ്ജെടുത്തുകൊള്ളണമെന്നു ഫോണിൽക്കൂടി മി. ജോർജ്ജുപയ്യമ്പള്ളിക്കു് ഒരോർഡർ ലഭിച്ചെന്നും, അതനുസരിച്ചു് അസിസ്റ്റന്റ് രേഷനിങ്ങാഫീസറുടെ പക്കൽനിന്നു് അദ്ദേഹം ചാർജ്ജ് ഏറ്റുവാങ്ങിയതാണെന്നും അറിയാൻ കഴിഞ്ഞു.

ഇന്നേദിവസം രണ്ടു തഹശീൽദാരന്മാരും ആഫീസിൽ വന്നു. "ഞാൻ ചാർജ്ജു വിട്ടുകൊടുത്തിട്ടില്ല" എന്നു മുൻ തഹശീൽദാരും, "ഞാൻ ചാർജ്ജെടുത്തിട്ടുണ്ട്, ഞാനാണ് തഹശീൽദാർ, എന്റെ ഉത്തരവാണ് കീഴ്സിൽബന്ധിക്കു് അനുസരിക്കേണ്ടതു്" എന്നു മി. ജോർജ്ജ് പയ്യംപള്ളിയും വാദിക്കാൻതുടങ്ങി. ഇന്നു പകൽ മൂന്നു മണിവരെ ആഫീസ്ജോലികൾ ഒന്നുംതന്നെ നടന്നിട്ടില്ല. ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിനു വേണ്ടി ചില കാൺഗ്രസ്പ്രമാണിമാർ ശ്രമിച്ചുവരുന്നു.

മീനച്ചിൽ താലൂക്കിലെ പല നിയോജകമണ്ഡലങ്ങളിലും കാൺഗ്രസ്സിന്റെ തോൽവി സുനിശ്ചിതമായിക്കഴിഞ്ഞതോടെ മീനച്ചിൽ തഹശീൽദാർ മി. കുമാരനോടു് തന്റെ സ്വാധീനശക്തിയുപയോഗിച്ച് കാൺഗ്രസ്സിനു വോട്ടുപിടിക്കണമെന്നു് ആവശ്യപ്പെട്ടുവെന്നും, എന്നാൽ ഉദ്യോഗസ്ഥന്മാർ തെരഞ്ഞെടുപ്പിൽ നിഷ്പക്ഷത അവലംബിക്കണമെന്നുള്ള തത്വത്തിന്റെ പേരിൽ താൻ തെരഞ്ഞെടുപ്പുകാര്യങ്ങളിൽ ഇടപെടുകയില്ലെന്നു് അദ്ദേഹം വ്യക്തമായി അറിയിച്ചിരുന്നു എന്നുമാണ് അറിയുന്നതു്.

ഇതാണത്രേ ഈ സംഭവവികാസത്തിന്റെ കാരണം.

(ജനയുഗം)

ഉദയഭാനുവിന്റെ വിജയപ്രതീക്ഷകളുടെ അസ്തമനസന്ധ്യ

കാർത്തികപ്പള്ളിനിയോജകമണ്ഡലത്തിൽ കരുത്തിരുണ്ടു കട്ടിപിടിക്കുന്നു— കയർപിരിതൊഴിലാളികളായ സ്വസമുദായാംഗങ്ങൾ, കയർമാർക്കറ്റിംഗ്സൊസൈറ്റിപ്രസിഡണ്ടായ ഉദയഭാനു തങ്ങളുടെ താൽപ്പര്യങ്ങളെ ദ്രോഹിച്ചതിനു പ്രതികാരമായി അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പുവിജയസാദ്ധ്യതയുടെ കഴുത്തിൽ കയറിട്ടു മുറുക്കുന്നു

(സ്വ–ലേ)

കൊല്ലം, ഫെബ്രുവരി 3

കാർത്തികപ്പള്ളി നിയോജകമണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥി ഉദയഭാനുവിന്റെ പ്രചരണം അൽപ്പമൊന്നു മന്ദീഭവിച്ചിരിക്കുന്നതായും പ്രസ്തുത നിയോജകമണ്ഡലത്തിലെ കോൺഗ്രസ് അനുഭാവികളായ ചില ഉയർന്ന നേതാക്കന്മാരും മറ്റു ചില പ്രചാരകന്മാരും ഉദയഭാനുവിനെ തേടിനടക്കുന്നതായും അവിടെനിന്നും കൊല്ലത്തുവന്ന ഒരു പ്രമാണിയിൽനിന്നും അറിയാൻകഴിഞ്ഞു. കാർത്തികപ്പള്ളി നിയോജകമണ്ഡലത്തിൽ ഭൂരിപക്ഷം കയർ തൊഴിലാളികളായ ഈഴവരാണ്. കയർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രസിഡണ്ടെന്ന നിലയിൽ ഇൻഡ്യാഗവണ്മെന്റിൽനിന്നും അനുവദിച്ച ഒരു വലിയ തുക പ്രസിഡണ്ടിന്റെയും മറ്റേതാനും ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെയും ചുമതലയിൽ ഏറ്റുവാങ്ങിയിട്ടുള്ളതായും എന്നാൽ പ്രസിഡണ്ടും കോൺഗ്രസ് സ്ഥാനാർത്ഥിയും തിരു–കൊച്ചി പി. സി. സി. സെക്രട്ടറിയുമായ എ. പി. ഉദയഭാനുവിൽനിന്നും പ്രസ്തുത നിയോജകമണ്ഡലത്തിലെ കയർപിരി തൊഴിലാളികൾക്കു് ഇതുപര്യന്തം അങ്ങിനെയുള്ള യാതൊരുപകാരങ്ങളും ലഭിച്ചിട്ടില്ലെന്നും തന്മൂലം പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇതൊരു സംസാരവിഷയമായിത്തീർന്നിരിക്കുന്നതിനാൽ കയർപിരി തൊഴിലാളികളോടൊപ്പം മറ്റുള്ളവരിൽ ഭൂരിപക്ഷവും കോൺഗ്രസ് വിരുദ്ധമനോഭാവക്കാരായിത്തീർന്നിട്ടുണ്ടെന്നും അറിയാൻകഴിഞ്ഞു. കാർത്തികപ്പള്ളി നിയോജകമണ്ഡലത്തിൽ ഈഴവർ, നാടി, തീയൻ തുടങ്ങിയ ജാതികൾ ഉണ്ടെങ്കിലും പന്തിഭോജനത്തിൽ ഉൾപ്പെടുത്താതെ ഈഴവരെ "ചാന്നാർബ്രാഹ്മണന്മാർ" ഒരുതരം അധഃകൃതരായി ഗണിച്ചുവരുന്നതു് എതിർപ്പുകൾക്കു വേറൊരു കാരണമാണ്. കയർമാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡണ്ട് എ. പി. ഉദയഭാനുവിന്റെ അലവൻസ്, സൊസൈറ്റി സെക്രട്ടറിയുടെ ശമ്പളം, ആഫീസ് വാടക എന്നീ ഇനങ്ങളിൽ കയർവ്യവസായപുനരുദ്ധാരണത്തിന്റെ പേരുംപറഞ്ഞു പി. സി. സി. സെക്രട്ടറി ഉദയഭാനു പ്രതിമാസം 500–ഉം രൂപാ ഗവണ്മെന്റിൽനിന്നു പറ്റുന്നതല്ലാതെ കയർ തൊഴിൽകൊണ്ടുമാത്രംജീവിക്കുന്ന പ്രസ്തുതനിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം ആളുകൾക്കു് ഇതുപര്യന്തം യാതൊരു ഗുണവും ഉണ്ടായിട്ടില്ലെന്നും അങ്ങനെ കയർവ്യവസായ പുനരുദ്ധാരണം ഇപ്പോൾ കഴിച്ചുമൂടിയിരിക്കുന്നതായും ബോദ്ധ്യം വന്നിട്ടുള്ള പ്രസ്തുത നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം വോട്ടർമാർ എ. പി. ഉദയഭാനുവിനെ പരാജയപ്പെടുത്തിയേ മതിയാകുവെന്നുള്ള ദൃഢപ്രതിജ്ഞയിൽ ഇറങ്ങിപ്രവർത്തിച്ചുതുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ ഒരു ദിവസം കോൺ: സ്ഥാനാർത്ഥി എ.പി. ഉദയഭാനുവിന്റെ ഇതുപര്യന്തമുള്ള ഏറെക്കുറെ ചരിത്രങ്ങളെ വിവരിച്ചുകൊണ്ട്, പ്രതിപക്ഷത്തുനിന്നു് ഒരു ലഘുലേഖ ഇറക്കിയതിനു പകരം ഒരു ലഘുലേഖയിറക്കണമെന്നു് ആവശ്യപ്പെടുന്നതിനായി സ്ഥാനാർത്ഥിയെ അന്വേഷിച്ചപ്പോൾ അന്നുകണ്ടതേയില്ലെന്നും അടുത്ത ദിവസം കണ്ടു വിവരം പറഞ്ഞവരോടു് അതൊന്നും ആവശ്യമില്ലെന്നു് തീരുമാനിച്ചിരിക്കുകയാണെന്നും പ്രസ്തുത നിയോജകമണ്ഡലത്തിലെ വോട്ടറും ഒരു കോൺ: അനുഭാവിയുമായ അദ്ദേഹം അഭിപ്രായപ്പെട്ടു.

വാർഷികാഘോഷം

എൻ. എസ്സ്. എസ്സ്. യൂണിയന്റെ

മൂവാറ്റുപുഴ, ജനുവരി 31

1768–ാം നമ്പർ മൂവാറ്റുപുഴത്താലൂക്ക് എൻ. എസ്സ്. എസ്സ്. യൂണിയൻ വാർഷികമഹാസമ്മേളനം മൂവാറ്റുപുഴ 'പുഴക്കരക്കാവ്' സന്നിധാനത്തിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കമനീയമായ പന്തലിൽ വച്ച് അദ്ധ്യക്ഷനായി നിശ്ചയിച്ചിരുന്ന മന്നത്തുപത്മനാഭന്റെ അഭാവത്തിൽ ബ്രഹ്മശ്രീ എൻ. രാമസ്വാമി അയ്യർ അവർകളുടെ അദ്ധ്യക്ഷതയിൽ പുത്തേഴത്തു രാമൻമേനോൻ ഉൽഘാടനം ചെയ്തു. യൂണിയൻ പ്രസിഡണ്ട് കെ. കേശവപിള്ള സദസ്സിനു സ്വാഗതമരുളി. എൻ. എസ്. എസ്. ഇൻസ്പെക്ടർ വാലടി കേശവക്കുറുപ്പ് റിപ്പോർട്ടു വായിച്ചു. ഡി. ഡി. ഇളയതു്, പ്രഭാകരൻ നായർ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്ക് കുമാരി സുഷമ ആൻഡ് പാർട്ടിയുടെ ഡാൻസും ഉണ്ടായിരുന്നു.

പുത്തേഴത്തു രാമൻമേനോന്റെ ഉൽഘാടനപ്രസംഗത്തിൽ നായന്മാരുടെയും പൊതുവെ ഹിന്ദുസമുദായത്തിന്റെയും ഇന്നത്തെ ശിഥിലമായ നിലപാടിനേയും, ഭാവിനന്മയ്ക്കും പുരോഗതിക്കും സുശക്തവും, സുസംഘടിതവും, ഏകീകൃതവുമായ ഒരു ഹിന്ദുസംഘടനയുടെ അടിയന്തിരമായ ആവശ്യകതയേയും പറ്റി സയുക്തികം പ്രതിപാദിച്ചു. കൂടാതെ സമുദായസംഘടനയാകുന്ന വലിയ കപ്പൽ രാഷ്ട്രീയ പാറക്കെട്ടിൽ തട്ടി ഉടയുവാൻ വെമ്പൽകൊള്ളുകയാണെന്നും ഈ നില തുടർന്നാൽ അതു തികച്ചും ആത്മഹത്യാപരമായിരിക്കുമെന്നും വ്യക്തമാക്കി. കേശവക്കുറുപ്പിന്റെ കൃതജ്ഞതയ്ക്കുശേഷം യോഗം പര്യവസാനിച്ചു.

കോൺഗ്രസ്സിനെതിരായ ദുഷ്പ്രചരണം

(മന്നത്തുപത്മനാഭൻ)

ചങ്ങനാശേരി, ഫെ: 2

തിരുവല്ലായിൽനിന്നു് ഒരു കെ. പി. പരമേശ്വരൻപിള്ളയുടെ പേരുവച്ച്, ചങ്ങനാശേരി പ്രസ്സിൽ അച്ചടിച്ച ഒരു നോട്ടീസ് യാദൃശ്ചികമായി കാണാനിടയായി. അതു താഴെച്ചേർക്കുന്നു.

ഹിന്ദുവോട്ടർമാർ ശ്രദ്ധിക്കുക.

കോൺഗ്രസ് ടിക്കറ്റിൽ മത്സരിക്കുന്ന ഹിന്ദു സ്ഥാനാർത്ഥികളെ വിജയിപ്പിക്കണം. ഏവൂർ പ്രചരണയോഗത്തിൽ ശ്രീ. മന്നത്തിന്റെ പ്രസ്താവന സശ്രദ്ധം വായിക്കുക.

1954–ജനുവരി 28–ാംനുയിലെ ദേശബന്ധുവിൽ ഇപ്രകാരം റിപ്പോർട്ടു ചെയ്തിരിക്കുന്നു:– "(സ്വ–ലേ) ഏവൂർ, ജനുവരി 25

ഇന്നേദിവസം കാൺഗ്രസ് സ്ഥാനാർത്ഥിയുടെ പ്രചരണാർത്ഥം ഏവൂർ ക്ഷേത്രത്തിനു സമീപമുള്ള വലിയവീട്ടിൽവച്ചു നടന്ന യോഗത്തിൽ മന്നത്തുപത്മനാഭൻ, നായർസർവീസ് സൊസൈറ്റി രാഷ്ട്രീയം ഉപേക്ഷിച്ചു എന്നു പറയുന്നതു് സമയോചിതമായ ഒരു അടവാണെന്നും, എം. ആർ. ജി.പണിക്കരുടെ പ്രസ്താവനയിൽ കഥയൊന്നുമില്ലെന്നും കാൺഗ്രസ്സിലെ ഹിന്ദുസ്ഥാനാർത്ഥികളെ വിജയിപ്പിക്കയാണെങ്കിൽ കോൺഗ്രസ്സിനെ ക്രിസ്ത്യാനികളിൽനിന്നും പിടിച്ചെടുക്കാമെന്നും ഇടതുപക്ഷ ഐക്യമുന്നണിയിൽ പ്രവർത്തിക്കുന്ന നായന്മാർ സമുദായത്തിനു നാണക്കേടുണ്ടാക്കുന്നു എന്നും പ്രസ്താവിച്ചു." ഇതാണ് നോട്ടീസ്.

ഈ കുറിപ്പും ബാക്കിഭാഗവും ഞാൻ ദേശബന്ധുവിൽ വായിച്ചതാണ്. ദേശബന്ധുവിന്റെ ഇപ്പോഴത്തെപോക്കിനു് ഒരു മറുപടിയെഴുതി വാദപ്രതിവാദത്തിൽ ഏർപ്പെടുവാൻ ഞാൻ ആഗ്രഹിക്കാത്തതുകൊണ്ട് മൗനംദീക്ഷിച്ചതേയുള്ളൂ. ദേശബന്ധുവിന്റെ സ്വ–ലേ യുടെ കുറിപ്പിൽ വളരെ കുറച്ചു വാസ്തവമേയുള്ളൂ. ആ നിയോജകമണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായ ശ്രീ. ഉദയഭാനുവിന്റെ തെരഞ്ഞെടുപ്പുകാര്യം അന്വേഷിക്കാൻ ഞാൻ അന്നു് ഏവൂരും പോയതു് വാസ്തവമാണ്. അവിടെ ഏതാനും നായന്മാരും ഈഴവരുമുണ്ടായിരുന്നു. കോൺഗ്രസ്സിന്റെ വിജയത്തിനുവേണ്ടി അവിടുള്ളവരെല്ലാം യോജിച്ചു പ്രവർത്തിക്കണമെന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ആ നാട്ടുകാരല്ലാത്ത നാലഞ്ചു് ഐ. മു. ക്കാർ അവിടെ കേറിവന്നു. അവർ ചില ചോദ്യങ്ങൾക്കു് ഒരുങ്ങി. ഞാൻ അവരെ കാണാൻ വന്നതല്ലെന്നും, അവർക്കു ഹിതമില്ലെങ്കിൽ പുറത്തിറങ്ങിപ്പോകണമെന്നും പറഞ്ഞു. ഐ. മു. ക്കാർ പിറുപിറുത്തുകൊണ്ട് പുറത്തിറങ്ങിപ്പോയി. അവിടുണ്ടായിരുന്നവരെല്ലാം അവിടെത്തന്നെ ഇരുന്നിരുന്നു. അവരോടു പറയേണ്ടതെല്ലാം പറഞ്ഞിട്ട്, ഞാൻ പുറത്തേക്കിറങ്ങിയപ്പോൾ ആ വഴിയിൽനിന്ന പഴയ ഐ. മു. ക്കാർ അവരുടെ പതിവനുസരിച്ചുള്ള 'കൂവലിനു്' ഒരുങ്ങാതെ "അടുത്ത ദേശബന്ധുവിൽ നോക്കിക്കൊള്ളണം" എന്നു തല ഉയർത്തിപ്പിടിച്ച് എനിക്കൊരു താക്കീതു നൽകുക മാത്രമാണ് ചെയ്തതു്. ഇതിൽ കവിഞ്ഞൊന്നും ഉണ്ടായിട്ടില്ല.

കോൺഗ്രസ്സിനേ[illegible] എന്നെയും മറ്റു ചിലരേയുംപ[illegible] എന്തു കളവും ആക്ഷേപവും പ്രസിദ്ധീകരിക്കാനുള്ള ഒരു പത്രമാണ് ദേശബന്ധു എന്നൊരു ധാരണ ആളുകളിൽ പരന്നിട്ടുള്ളതുകൊണ്ടായിരിക്കണം ഈ വിധം അധിക്ഷേപാർഹമായ അവാസ്തവപ്രസ്താവനകളും നിരൂപണങ്ങളും ആ പത്രത്തിൽ അടിക്കടി കാണാനിടയാകുന്നതു്. ഈ വ്യാപാരം തുടർന്നു നടത്തിയാൽ അതിലെ മനപ്പൂർവ്വമായ ദുരുദ്ദേശം എല്ലാവരും വേണ്ടവണ്ണം ഗ്രഹിക്കാനും തന്മൂലം അതു പ്രയോജനരഹിതമായ ഒരു പാഴ്വേലയായി പരിണമിക്കാനുമിടയാകുമെന്നു് അവർക്കു് അനുഭവം കൊണ്ട് ക്രമേണ മനസ്സിലായിക്കൊള്ളും. കോൺഗ്രസ്സിനെ തോല്പ്പിക്കാനുള്ള വേലത്തരങ്ങളിൽ ഒന്നാണ് ഇതുമെന്നു് ബുദ്ധിയുള്ള ക്രിസ്ത്യാനിയും ഹിന്ദുവും ഇപ്പോൾത്തന്നെ ധരിച്ചിട്ടുണ്ട്.

ക്രിസ്ത്യൻ സ്ഥാനാർത്ഥികൾക്കു് ഹിന്ദുക്കളു[illegible]ഹിന്ദുസ്ഥാനാർത്ഥികൾക്കു് [illegible]ക്രിസ്ത്യാനികളും വോട്ടുചെയ്യാ[illegible]ിക്കാനുള്ള ഏകമാർഗ്ഗം അവരെ അന്യോന്യം അവിശ്വസിപ്പിക്കയും കലഹിപ്പിക്കയും ചെയ്യുകയാണെന്നു ദേശബന്ധു ധരിച്ചിട്ടുണ്ട്. അതിന്റെ പ്രകടനമാണ് ഈ കാണുന്നതെല്ലാം. കോൺഗ്രസ് വള്ളത്തിൽ വെള്ളംകേറ്റി അതിനെ മുക്കിക്കൊല്ലാനുള്ള അത്യാഗ്രഹത്തോടുകൂടി ത്രികോണഐക്യത്തിൽ, ദേശബന്ധുവും മലയാളിയും കൗമുദിയും കരുതിക്കൂട്ടിച്ചെയ്യുന്ന കുതന്ത്രങ്ങളിലും ദുഷ്പ്രചരണങ്ങളിലുംപെട്ട് വോട്ടറന്മാർ വഴിതെറ്റിപ്പോകയില്ലെന്നു വിശ്വസിക്കുന്നു. രാജ്യക്ഷേമത്തിൽ താല്പര്യമുള്ള എല്ലാവോട്ടറന്മാരും കോൺഗ്രസ് വിജയത്തിനുവേണ്ടി അടിയുറച്ച് ഒന്നായിനിൽക്കണമെന്നു് അപേക്ഷിക്കയും ചെയ്യുന്നു. ഇല്ലാത്ത പരമേശ്വരൻപിള്ളമാ

(ശേഷം 3–ാം പേജിൽ)

ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് Ltd.,
ആലപ്പുഴ.
എ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസ്സുകളിലായി
7,000 രൂപായുടെ
★ പ്രതിമാസലേലച്ചിട്ടി ★
ആദ്യലേലം: '54 ഫെബ്രുവരി 28 / 1129 കുംഭം 16 –ാംതീയതി
ക്യാഷ്സെക്യൂറിററിയിന്മേൽ

A.	മാസം ഒന്നിനു്	60	ഈ. രൂപാ വീതം	35	മാസം ഈ. രൂപാ	2,100
B.	,,	40	,,	,,	,,	1,400
C.	,,	30	,,	,,	,,	1,050
D.	,,	20	,,	,,	,,	700 x 2
E.	,,	15	,,	,,	,,	525 x 2

വര്യോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ ഉടനെ അയച്ചുതരുന്നതാണ്.
മാനേജർ,
ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ട് Ltd., പാലസ്റോഡ്, ആലപ്പുഴ.

അവരുടെ പ്രവർത്തനത്തിന്റെ പൊരുൾ

ക: വി: മുന്നണിക്കാരൻ വടക്കനച്ചനു പ്രതിമാസം 12000 രൂപയും, മ. മനോരമയ്ക്കു സൌജന്യമായി കടലാസും അമേരിക്കൻഏജൻസികൾ കൊടുക്കുന്നെന്ന്

മത്തായിമാഞ്ഞൂരാൻ

തൊറയ്ക്കൽ, ഫെ: 2

തൊറയ്ക്കൽ ഐക്യമുന്നണി പ്രചാരണയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് തൊറയ്ക്കൽനിയോജകമണ്ഡലത്തിലെ ഐ: മു: സ്ഥാനാർത്ഥിയായ സ: മത്തായിമാഞ്ഞൂരാൻ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:—

''ആണത്തവും ചുണയുമുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയിൽ ചേരുക'' എന്നു ബ്രദർ വടക്കൻ എന്നെ വെല്ലുവിളിക്കുകയുണ്ടായി. ഇതിന് എനിക്കു പറയുവാനുള്ള മറുപടി, ആണത്തവും ചുണയുമുള്ളവർ വിരുദ്ധമുന്നണിയിൽ ചേരുകയില്ലെന്നാണ്. കാരണം അമേരിക്കൻ സാമ്രാജ്യ ത്വ ത്തിന്റെ പണം പററിക്കൊണ്ടു പിന്തിരിപ്പൻപ്രചാരവേല ചെയ്യുന്ന സംഘമാണു വിരുദ്ധമുന്നണി.

'ഇന്ത്യയിലെ അമേരിക്കൻ പ്രതിപുരുഷനായ മി. ജോർജ്ജ് അല്ലൻ 1953 സെപ്തംബർ 24-ാം തീയതി എന്നെ ഡൽഹിയിൽ വച്ച് ഒരു സൗഹൃദസംഭാഷണത്തിനു ക്ഷണിക്കുകയുണ്ടായി. സെപ്തംബർ 28-ാംനു- ഞാൻ അദ്ദേഹത്തെ കണ്ടു സംഭാഷണം നടത്തി. തിരു-കൊച്ചിക്കാര്യത്തിൽ അത്യധികം താല്പര്യം അദ്ദേഹം പ്രകടിപ്പിച്ചു. ഞാൻ കോൺഗ്രസ്സിനെ എതിർക്കുന്നതെന്തുകൊണ്ടെന്നു മി. അല്ലൻ ചോദിച്ചു. എന്റെ നില ഞാൻ വ്യക്തമാക്കിക്കൊടുത്തു. പ്രത്യേകിച്ചും ഒരു കത്തോലിക്കനായ ഞാൻ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് വിപത്തു വർദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ, കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുകൂടുന്നതിലെ ''അനാശാസ്യത'' മനസ്സിലാക്കിത്തരുവാൻ അദ്ദേഹം ശ്രമിച്ചു. ഇതിനെക്കുറിച്ചും എന്റെ നിലപാടു ഞാൻ വിവരിച്ചു.

''ഈ സംഭാഷണത്തിനിടയിൽ ഇവിടത്തെ ബ്രദർവടക്കനേയും വിരുദ്ധമുന്നണിയേയും അതിന്റെ പ്രചാരകന്മാരേയുംപററി പല വിവരങ്ങളും മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. അമേരിക്കൻ ഏജൻസികളിൽ നിന്നു ബ്രദർവടക്കനു പ്രതിമാസം 12000 രൂപാ ലഭിക്കുന്നുണ്ട്. 'മലയാളമനോരമ'പത്രത്തിനു പൗണ്ടിനു 2 ണ. വച്ചു കടലാസ് അമേരിക്കൻ ഏജൻസികൾതന്നെ കൊടുക്കുന്നുണ്ട്. വടക്കന്റേയും വിരുദ്ധമുന്നണിപ്രചാരകന്മാരുടേയും പ്രവർത്തനത്തിന്റെ പൊരുൾ ഇതിൽനിന്നും വ്യക്തമാണ്.''

(ജനയുഗം)

അമ്പലപ്പുഴമഹാക്ഷേത്രത്തിലെ വിജയബലിമഹാമഹം

983-നുശേഷം ഈ മകരം 17-ാംനു- ആരംഭിച്ചിരിക്കുന്നു

പത്തുദിവസം നീണ്ടുനിൽക്കുന്ന ഈ മഹായജ്ഞത്തിൽ 4,7, 8, 9 എന്നീ ഉത്സവദിവസങ്ങൾ (മകരം 20,23, 24, 25)ഭഗവത് ഭജനത്തിനും ദർശനത്തിനും ഏററവും വിശേഷപ്പെട്ടവയാകുന്നു.

(സ്വ-ലേ)

അമ്പലപ്പുഴ, ഫെ: 3

രണ്ടോമൂന്നോ തലമുറയ്ക്കൊരിക്കൽ വന്നുകൂടുന്ന വിശിഷ്ട കർമ്മമാണ് വിജയബലി. അതുകൊണ്ട് അതിലെ ചടങ്ങുകളെപ്പററി അധികമാരുമറിഞ്ഞിരിക്കുകയില്ല. നാട്ടിനും നാട്ടാർക്കും നേരിടുന്ന ബാധോപദ്രവങ്ങളുടെ പരിഹാരത്തിന് ഓരോ പന്തീരാണ്ടു കൂടുമ്പോൾ പള്ളിപ്പാനയും, അതുപോലുണ്ടാകുന്ന ഭൂതോപദ്രവങ്ങളുടെ ഉപശാന്തിക്കു പന്ത്രണ്ടിലു പള്ളിപ്പാനകളുടെ അവസാനത്തിൽ 'വിജയബലിയും' നടത്തപ്പെട്ടുവരുന്നു. ബ്രാഹ്മണ്യരാജന്യധർമ്മങ്ങളുടെമൂർത്തീഭാവങ്ങളായ ചെമ്പകശേരിരാജാക്കന്മാർ, ഭഗവാനെ പ്രത്യക്ഷീകരിച്ചു ദിവ്യസിദ്ധിനേടിട്ടുള്ളവില്വമംഗലത്തുസ്വാമിയാരുടെ ഉപദേശത്തോടുകൂടി പണ്ടിനാലേ ഏർപ്പെടുത്തീട്ടുള്ളഈ വിശിഷ്ടകർമ്മങ്ങൾ ഇന്നുമഭംഗുരമാഘോഷിക്കപ്പെട്ടുവരുന്നു. തന്ത്രി കടിയക്കോൽ നമ്പൂതിരിയും മുറിക്കാലാ ഭട്ടതിരിയും ഒന്നിച്ചിരുന്നു പരിശോധിച്ചെഴുതിയുണ്ടാക്കിയ പടിത്തരമനുസരിച്ചാണ് ഇതിലെ ചടങ്ങുകൾ നിർവഹിക്കപ്പെട്ടുവരുന്നതു്.

അമ്പലപ്പുഴ ക്ഷേത്രത്തിലെ നാലു കോണിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ശിവഭൂതങ്ങൾ, ആയിരംവല്ലിനാഗം (ഇവയെപ്പററി ചില ഐതിഹ്യങ്ങളുണ്ട്), അതുപോലെ പ്രതിഷ്ഠാധീനങ്ങളല്ലാതെ അന്തരീക്ഷചാരികളായി കഴിയുന്ന ഭഗവത്പരിചാരകന്മാരായ ഭൂതഗണങ്ങൾ, വൈഷ്ണവകല്പത്തിൽ വിധിക്കപ്പെട്ടിട്ടുള്ള ഭൂതവിശേഷങ്ങൾ എന്നീ സകലമാന ഭൂതങ്ങളേയും യഥാവിധി ആവാഹിച്ചു ഷോഡശോപചാരപുരസ്സരം പൂജിച്ചു മന്ത്രപൂതമായ ബലി നൽകി പ്രീതിപ്പെടുത്തുകയാണ് വിജയബലിയുടെ പ്രധാന ഉദ്ദേശം. വിഷ്ണുക്ഷേത്രത്തിൽ നടത്തുന്ന ബലിക്ക് വിജയബലി എന്നും, ശിവക്ഷേത്രത്തിൽ നടത്തുന്നതിനു ജയബലി എന്നും പറഞ്ഞുവരുന്നു. ഇത്തരം ബലികൾ അവയുടെ ശ്രമസാദ്ധ്യതയെക്കരുതി അധികമെങ്ങും നടത്താറില്ല.

പത്തുദിവസം നീണ്ടുനിൽക്കുന്ന ഈ മഹോത്സവത്തിൽ നാലു ദിവസങ്ങളാണ് ഭഗവൽഭജനത്തിനും ദർശനത്തിനും ഏററവും വിശേഷപ്പെട്ടവ. എന്നും തൊഴുന്നതിനു കഴിയുമെങ്കിൽ അതു് ഏററവും നല്ലതുതന്നെ. എന്നാൽ വിദേശികളുടെ സൗകര്യത്തെ കരുതി, ഈ നാലു ദിവസങ്ങളിലെ പ്രാധാന്യത്തെമാത്രമുന്നിപ്പറയാം.

നാലാം ഉത്സവദിവസം ''അവഗാഹ''മെന്ന പ്രധാന കർമ്മമാണു നടക്കുന്നതു്. അവഗാഹമെന്നതു്, ബിംബത്തോളം പൊക്കത്തിൽ ചെണ്ടക്കുററിയുടെ മാതൃകയിൽ പ്ലാവിൻതടികൊണ്ട് പണിയുണ്ടാക്കുന്ന കുററി, ബിംബമതിനുള്ളിലാക്കി പീഠത്തിൽവച്ച് വെള്ളംചോരാത്തവിധത്തിൽ ഉഴുന്നുപൊടികൊണ്ട് പീഠവുമായി ചേർത്തടച്ച് അതിനകത്തു ബിംബം മുങ്ങിനിൽക്കത്തക്കവിധം പഞ്ചഗവ്യം നിറച്ചുള്ള ജപവും പൂജയുമാണ്. ഈ അവസരത്തിലെ ഭഗവൽദർശനം അത്യുത്തമമത്രെ. ഇതു് 2-2-54-നു ഉച്ചപ്പൂജയ്ക്കു മുൻപാണ്.

അടുത്തപ്രധാനപ്പെട്ട കർമ്മം തത്വകലശപൂജയും അഭിഷേകവുമാകുന്നു. കലശപൂജനടത്തി അഭിഷേകമാടുകയാണ് ഇതിലെ ചടങ്ങ്. കളഭദർശനംപോലെയുള്ള വൈശിഷ്ട്യമിതിനുമുണ്ട്. ഇതു് 5-2-54-നു ഉച്ചപ്പൂജയ്ക്കു മുൻപാണ്.

എട്ടാം ഉത്സവവും ഭഗവൻദർശനത്തിനു വളരെ വിശേഷപ്പെട്ടതാണ്. അന്നു ദ്രവ്യകലശാഭിഷേകം, വാദ്യപൂജ, ദിക്പാണി എന്നിവ നടക്കുകയാണ്. ദ്രവ്യങ്ങൾനിറച്ചു കലശങ്ങൾ പൂജിച്ച് അഭിഷേകമാടുന്നതിനെയാണ് ദ്രവ്യകലശമെന്നു പറയുന്നതു്. ഇതും ഉച്ചപ്പൂജയ്ക്കുമുമ്പാണ്. വൈകിട്ട് വാദ്യപൂജ എന്ന ചടങ്ങ് നിർവ്വഹിക്കപ്പെടുന്നു. ഇതിനു ക്ഷേത്രത്തിലുപയോഗത്തിലുള്ള എല്ലാ വാദ്യവിശേഷങ്ങളും ബിംബത്തിന്റെ മുൻപിൽ പത്മമിട്ട് അതിൽവച്ച് പൂജിക്കുന്നു. അതിനുശേഷം ആ വാദ്യങ്ങൾമുഴക്കി ഭൂതങ്ങളെ ആവാഹനംചെയ്യുകയാണ്. അതിനെത്തുടർന്ന് വെളിക്കു ക്രമമായി എട്ടുദിക്കുകളിലും നിന്നുകൊണ്ടു വാദ്യങ്ങൾമുഴക്കി അഷ്ടദിക്പാലകന്മാരെയും അവരുടെ പരിചാരകന്മാരെയും അടുത്തദിവസം നടക്കുന്ന വിജയബലിക്കു ക്ഷണിക്കുന്നു. ഇതു് 6-2-1954-നു ആകുന്നു.

വിജയബലിതൂകുക എന്ന ഇതിലെ മർമ്മഭൂതമായ കർമ്മം ഒൻപതാമുത്സവദിവസം നടക്കുന്നു. അന്നു തലേന്നാളിലെപ്പോലെ 109 കലശങ്ങൾ പൂജിച്ച് ആടുകയാണ്. വൈകിട്ട് അത്താഴപ്പൂജകഴിഞ്ഞ് വിജയബലിക്കു പാണികൊട്ടി ബലി തൂവിത്തുടങ്ങുന്നു. ബലിതൂവുന്നതു രാത്രിയിലാണ്. സാധാരണ ഉത്സവത്തിനു ബലിതൂവുന്നതുക്ഷേത്രത്തിനകത്താണല്ലോ. വിജയബലിക്കുബലിതൂവുന്നതു ക്ഷേത്രത്തിനു വെളിക്കാണ്. നാലമ്പലത്തിനകത്തുള്ളഭൂതങ്ങൾക്ക് ഉത്സവകാലങ്ങളിലും ബലിതൂവുന്നതുകൊണ്ട് ക്ഷേത്രത്തിന്റെ ബഹിർസ്ഥിതങ്ങളായ ഭൂതങ്ങൾക്കു ബലി ക്ഷേത്രത്തിനു വെളിയിൽ തൂവുന്നതു സംഗതമാണല്ലോ.

ഏഴായിരം രൂപയോളം ചിലവുവരുന്ന ഈ അടിയന്തിരത്തിനു തുക വെട്ടിക്കുറച്ച് മൂവായിരത്തിച്ചില്ല്വാനം രൂപകൊണ്ടു നടത്തിക്കൊള്ളണമെന്നു വാഗ്ദാനരൂപമായ ഒരുത്തരവ് മാനേജർക്കു ബോർഡിൽനിന്നും ലഭിച്ചിട്ടുണ്ടത്രെ.




ചതുശ്ശക്തി വിദേശമന്ത്രി സമ്മേളനം
ജർമ്മൻ—ആസ്ട്രിയൻ പ്രശ്നങ്ങളവിടെ ഇരിക്കട്ടെ അടിയന്തിരമായി തിരു-കൊച്ചി തെരഞ്ഞെടുപ്പ് പ്രശ്നമെടുക്കാം
തിരുകൊച്ചിതെരഞ്ഞെടുപ്പ് ഒരു ലോകപ്രശ്നമാണ്— മന്നം

പ്രാദേശികവാർത്തകൾ

തൃക്കൊടിത്താനം

തൃക്കൊടിത്താനത്തു് ഹൈന്ദവയുവജനസംഘടന എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ചങ്ങനാശേരി

സ്ഥലം പോലീസ് ഇൻസ്പെക്ടർ അമ്പ[illegible]യെപ്പററി ഏതാനും ചിലർ [illegible]ദ്ദേശപരവും അടിസ്ഥാനരഹിതവുമായ ചില ആരോപണങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു.

മുഹമ്മ

മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ 8-ാമതു വാർഷികസമ്മേളനത്തിന്റെ ഒന്നാംദിവസം പതാകയുയർത്തൽ, ബിസിനസ്‌യോഗം, ഐക്യകേരളസമ്മേളനം, വിവിധകലാപരിപാടികൾ മുതലായ ചടങ്ങുകളോടുകൂടി സമംഗളം അവസാനിച്ചു.

ഒരു കോൺഗ്രസ് കൺവൻഷൻ ഗാന്ധിനഗറിൽവച്ചു നടത്തേണ്ടതാണെന്നു തീരുമാനിച്ച് ആയതിലേക്കായി 50 പേരടങ്ങിയ ഒരു സ്വീകരണസംഘം രൂപീകരിച്ചിരിക്കുന്നു.

മഴവന്നൂർ

മഴവന്നൂർ നിയോജകമണ്ഡലത്തിലെ പി. എസ്. പി. സ്ഥാനാർത്ഥികളായ എം. കെ. കേശവപിള്ളയുടേയും, ടി. എം. മണിയന്റേയും വിജയത്തിനുവേണ്ടി ഊർജ്ജിതമായ പ്രചാരണങ്ങൾ നടക്കുന്നു.

എലിക്കുളം

സ്ഥലത്തെ ഒരു പൊതുക്കാര്യപ്രവർത്തകനായ പുതുപ്പറമ്പിൽ പത്മനാഭൻനായരുടെ പൗത്രി പൂവല്യാത്തു തങ്കമ്മയും, മേവടകരയിൽ വെട്ടുകല്ലുങ്കൽ രാമൻപിള്ളയുടെ പുത്രൻ രാഘവൻപിള്ളയും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

എഴുമററൂർ

എഴുമററൂർപഞ്ചായത്തിലെ വേങ്ങഴ, കൊററൻകുടി എന്നീ സ്ഥലങ്ങളിലെ കർഷകരുടെ ഒരു പൊതുയോഗം പള്ളിക്കുന്നേൽ പ്രൈമറിസ്കൂളിൽവച്ച് പഞ്ചായത്തുപ്രസിഡണ്ട് പി. കെ. ശിവരാമൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ ഗ്രാമസേവകൻ കെ. എം. മത്തായി നാഷണൽ എക്സ്റ്റൻഷൻ സർവീസിന്റെ ഉദ്ദേശത്തേയും പ്രവർത്തനത്തേയുംപററി ആളുകളെ വിശദമായി മനസ്സിലാക്കുകയും തുടർന്ന് ഒരു കർഷകസംഘം രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

കങ്ങഴ

വാഴൂർ നിയോജകമണ്ഡലത്തിലെ പി. എസ്. പി. സ്ഥാനാർത്ഥി സ: നാരായണക്കുറുപ്പിന്റെ വിജയത്തിനുവേണ്ടി കാരുവേലി മൈതാനത്തുവച്ച് ജെയിംസ് ജെ. യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പി.വി.കോരാ പ്രസംഗിച്ചതു്, ഭർത്താവുജീവിച്ചിരിക്കെ വൈധവ്യം സംഭവിച്ച ഒരു നിയോജകമണ്ഡലമാണ് ഇതെന്നും നാം ആദ്യം സ്വീകരിച്ചതും ഇപ്പോൾ മന്ത്രിയാണോ അല്ലയോയെന്നു തീർത്തുപറവാൻ നിവൃത്തിയില്ലാത്താളുമായ കളത്തിലിനെയാണെന്നും അദ്ദേഹം വാഴൂർ മുങ്ങിയിട്ട് പൊങ്ങിയതു് പട്ടാഴിയിലാണെന്നും നമ്മെ വഞ്ചിച്ചതിന്റെ ശിക്ഷ അദ്ദേഹമിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കയാണെന്നുമാണ്.

ഇളംദേശം

ഇളംദേശം കവലമൈതാനത്തുവച്ച് ഒരു കോൺഗ്രസ് പ്രചാരണമഹായോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വി. കെ. മഹമ്മദുകുട്ടിസാഹിബ് ആദ്ധ്യക്ഷം വഹിച്ചു.

കുടമാളൂർ

സ്ഥലം ഗവ: ഹൈസ്കൂളിന്റെയും സാഹിത്യസമാജങ്ങളുടെയും വാർഷികം ഈമാസം 5-ാംതീയതി വെള്ളിയാഴ്ച പകൽ 3 മണിക്കു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. യോഗത്തിൽ ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ. ആദ്ധ്യക്ഷം വഹിക്കുന്നതാണ്.

മാന്നാർ

വിഷവർശേരിക്കാസുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ തൈപ്പൂയമഹോത്സവം, പകൽ കാവടിയാട്ടം, രാത്രിയിൽ മാന്നാർ ബ്രദേഴ്സിന്റെ നാദസ്വരം, മതപ്രസംഗം മുതലായ വിവിധപരിപാടികളോടുകൂടി നാട്ടുകാരുടെ ഉത്സാഹത്താൽ നടത്തുകയുണ്ടായി.

പുന്നത്തുറ

ഐക്യമുന്നണിസ്ഥാനാർത്ഥി എ. എൻ. ശ്രീധരൻനായരെ വിജയിപ്പിക്കുന്നതിന് ഒരു പ്രചരണയോഗം തിരുവാമ്പാടി മൈതാനത്തുവച്ച് പി. കെ. ശിവശങ്കരപ്പിള്ള എം. എ.യുടെ അദ്ധ്യക്ഷതയിൽ കൂടി, നാനാജാതിമതസ്ഥരായ 40 പേരടങ്ങിയ ഒരു പ്രചാരണക്കമ്മററി രൂപീകരിച്ചു. കമ്മററിയുടെ കൺവീനറായി ചന്ദ്രശേഖരൻനായരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

തൃച്ചാററുകുളം

ജനുവരി 29-ാംതീയതിയിലെ പത്രത്തിൽ പാണാവള്ളി പഞ്ചായത്തിന്റെ വൈസ്പ്രസിഡണ്ട് ഈവരുന്ന പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും, പി. എസ്. പി. ക്കും ഒരേസമയത്തു് വർക്കുചെയ്തുവരുന്നതായി ചേർത്തിരുന്നതു് അടിസ്ഥാനരഹിതമാണെന്നും, വ്യക്തിപരമായ വൈരാഗ്യത്താൽ ചില തല്പരകക്ഷികൾ കരുതിക്കൂട്ടി തന്നെ അപമാനിക്കാൻ ദുഷ്പ്രചരണം നടത്തുന്നതാണെന്നും വൈസ്പ്രസിഡണ്ട് പി. കെ. കൃഷ്ണൻ അറിയിക്കുന്നു.

സ്ഥലത്തെ ചില തൊഴിലാളികൾ കണ്ണമാലിയിൽനിന്നും ജോലികഴിഞ്ഞു വരുന്നസമയം ചില കോൺഗ്രസ് ഗുണ്ടാകൾ സാധുക്കളായ തൊഴിലാളികളെ തടഞ്ഞുവയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായി അറിയുന്നു. പ്രസ്തുത ഗുണ്ടാകൾ മദ്യപിച്ച് മത്തായിസേവ്യർ എന്ന പേരുള്ള ഒരാളെ ദേഹോപദ്രവമേല്പിച്ചതായും അറിയുന്നു.

ആനിക്കാട്ട്

ഇവിടത്തെ കോൺഗ്രസ്പ്രവർത്തനങ്ങളുമായുള്ള അഭിപ്രായവ്യത്യാസങ്ങൾനിമിത്തം മണ്ഡലം പ്രസിഡൻറ് പി. എൻ. അയ്യപ്പൻപിള്ള പ്രസിഡൻറ്സ്ഥാനം രാജിസമർപ്പിച്ചതായും പി. എസ്. പി. പ്രവർത്തനം ഏറെറടുക്കാൻ ഇടയുള്ളതായും അറിയുന്നു. (പ്ര-ലേ)

ഖജനാപ്പാറ

ശ്രീചിത്രോദയം ഹരിജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു യോഗം കെ. എം. ഗണപതിനാടാരുടെ അദ്ധ്യക്ഷതയിൽകൂടി. യോഗത്തിൽ എ. ആർ. ബാലകൃഷ്ണൻ, എം. സുകുമാരൻകുട്ടി, ആർ. ഭോജപ്പൻ, എം. പി. രാജൻ, കെ. കെ. കുട്ടൻ മുതലായവർ പ്രസംഗിച്ചു. എം. സുകുമാരൻകുട്ടികൃതജ്ഞതപറഞ്ഞു.

കോൺഗ്രസ്സിനെതിരായദുഷ്പ്രചരണം

(2-ാം പേജിൽനിന്നുംതുടർച്ച)

രുടെ പേരിൽ ഇതുപോലെ പല പല ലഘുപത്രികകളും തിരുവല്ലാനിന്നുമാത്രമല്ല പല നിയോജകമണ്ഡലങ്ങളിൽ നിന്നും പുറപ്പെട്ടു എന്നുവരാം. അവ കണ്ടു തെററിദ്ധരിക്കുകയോ പരിഭ്രമിക്കുകയോ ചെയ്തു് തൽക്കാലമുണ്ടാകാവുന്ന വികാരങ്ങൾക്കു വിധേയരായി ശത്രുക്കളുടെ കെണിയിൽ വീഴാതിരിക്കുവാൻ എല്ലാ വോട്ടറന്മാരും കരുതി ജീവിക്കുമെന്നു വിശ്വസിക്കുന്നു.

പത്രാധിപക്കുറിപ്പ്

മന്നത്തിന്റെ ഏററവും വലിയ ബന്ധു ദേശബന്ധുവാണെന്ന് അദ്ദേഹം അവകാശപ്പെടാറുണ്ടായിരുന്നു. പോരാ, അതു നായരുടെ ഗീതയാണെന്നും ഉൽഘോഷിക്കാറുണ്ടായിരുന്നു. പക്ഷെ, ഇപ്പോൾ അദ്ദേഹം പറയുന്നു,—ദേശബന്ധു ശത്രുവാണെന്ന്, കൌമുദിയും മലയാളിയും ദേശബന്ധുവും കരുതിക്കൂട്ടി കുതന്ത്രങ്ങളും ദുഷ്പ്രചരണങ്ങളും പ്രയോഗിക്കയാണെന്ന്, ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും തമ്മിൽതല്ലിച്ച് മുതലെടുക്കുകയാണെന്ന്, ചീഞ്ഞളിഞ്ഞ കോൺഗ്രസ്സിന്റെ കയ്പ്പെല്ലാംപോയി പാല്പ്പായിസപ്പരുവത്തിലാണെന്ന്, —എല്ലാം ചെയ്യാം മഹതാം എന്നല്ലേ ആപ്തവാക്യം. അതുകൊണ്ട് എന്തുവേണമെങ്കിലും ജല്പിക്കട്ടെ—ഞങ്ങൾക്കു പരിഭവമില്ല. നാടകവേദികളിൽ ഹീറോയും വില്ലനും ഒരാൾതന്നെ സമർത്ഥമായി ആക്ട്‌ചെയ്യുന്ന രംഗങ്ങളുണ്ട്. നമ്മുടെ രാഷ്ട്രീയം വിശാലമായ ഒരു നാടകവേദിയല്ലയോ?

(ദേ: പ:)

ഗ്രൂപ്പ് ഫോട്ടോകൾക്ക് കുറഞ്ഞനിരക്ക്
സ്കൂൾസംബന്ധമായ ഗ്രൂപ്പ്ഫോട്ടോകൾ പ്രത്യേകം കുറഞ്ഞ നിരക്കിൽ ഭംഗിയായി ചെയ്തുകൊടുക്കുന്നതാണ്.
N. M. Abraham's Studio, Kottayam.
Prompt.

ആശ്വാസകേന്ദ്രം
അനവധി ചികിത്സകൾകൊണ്ടും ആശ്വാസംകാണാതെ പരവശപ്പെടുന്ന രോഗികളുടെ പരിപൂർണ്ണ രക്ഷാപ്രദമായ ആശ്വാസകേന്ദ്രമാണ് വിജയാഫാർമസിവക സിദ്ധൌഷധങ്ങൾ. പതിനായിരക്കണക്കിലുള്ള ജീവനെ മരണത്തിന്റെ പിടിയിൽനിന്ന് ഈ സിദ്ധൌഷധങ്ങൾ രക്ഷനൽകിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ടു സിദ്ധൌഷധങ്ങളാണ് ''ശശാങ്ക''യും ''ധാതുകല്പ''വും.
കൂടുതൽ വിവരങ്ങൾ
(1) ശശാങ്ക സ്വപ്നംകണ്ടും കാണാതെയുമുണ്ടാകുന്ന ഇന്ദ്രിയസ്ഖലനം, മൂത്രത്തിനു മുമ്പോ പിമ്പോ നൂലുപോലെയോ കൊഴുത്തോ കലങ്ങിയോ ഉണ്ടാകുന്ന സ്ഖലനം, പഴുപ്പു, പോക്ക് (ഗൊണോറിയ) മൂത്രച്ചുടിച്ചിൽ, മൂത്രത്തിനുള്ള നിറവ്യത്യാസം, അടിവു്, കലർപ്പൽ, സ്ത്രീകൾക്കു മഞ്ഞനിറത്തിലോ വെള്ളനിറത്തിലോ ഉണ്ടാകുന്നപോക്ക് (അസ്ഥിസ്രാവം), ആർത്തവദോഷം, രക്തംപോക്ക് ഇവ എത്ര പഴക്കമുള്ളവയായാലും പെട്ടെന്നു സുഖപ്പെടുത്തും. ഞങ്ങൾ ഉത്തരവാദിത്വം ചെയ്യുന്നു. മൂത്രമൊഴിവിനു് (Diabetes) ഇതു കൈകണ്ട സിദ്ധൌഷധമാണ്. പഴക്കമേറിയ രോഗങ്ങൾക്ക് ഇതിന്റെ കംപ്ലീററ് കോഴ്സ് (Complete course) മൂന്നുമാസമാണ്.
24 ഗുളികകളടങ്ങിയ പായ്ക്കററിന് വില ക. 3-0-0.
(2) ധാതുകല്പ നിങ്ങളുടെ ശരീരം പരിതാപകരമാംവിധം മെലിഞ്ഞും ധാതുശക്തി നിങ്ങളുടെ അഭിമാനത്തേയും ആനന്ദത്തേയും നശിപ്പിക്കത്തക്കരീതിയിൽ ക്ഷയിച്ചും ഇരുന്നുകൊള്ളട്ടെ. നിങ്ങൾ വൃദ്ധനായാലും യുവാവായാലും ശരി, ''ധാതുകല്പ'' നിങ്ങളുടെ ശരീരത്തിലുള്ള എല്ലാ മാംസപേശികൾക്കും അവയവങ്ങൾക്കും ശരിയായ പുഷ്ടിയും, ബലവും, ഓജസ്സും ഉളവാക്കി ശരീരം പുഷ്ടിപ്പെടുത്തുകയും, ധാതുശക്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു ദാമ്പത്യജീവിതം വിജയകരമാക്കുകയും ചെയ്യുന്നു. (ഇപ്പോൾ മാത്രം) റാത്തൽ 1-നു് 6 ക. മാത്രം. (പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം)
നിർമ്മാതാക്കൾ:—
വിജയാ ഫാർമസി,
തട്ടാരമ്പലം P. O. മാവേലിക്കര (തിരുവിതാംകൂർ)
രോഗവിവരക്കുറിപ്പുകൾ, ചീഫ്‌വൈദ്യൻ എസ്സ്. എസ്സ്. പിള്ള, വിജയാ ഫാർമസി, P. O. മാവേലിക്കര എന്ന മേൽവിലാസത്തിലെഴുതുക. ക്യാററ്ലോഗ് സൗജന്യം. എല്ലാത്തരരോഗങ്ങൾക്കും ഉത്തരവാദിത്വത്തോടുകൂടെ ചികിത്സിക്കും. രോഗവിവരം വിശദമായി എഴുതിഅറിയിക്കണം.

നെഹ്റുവിൻെറ വ്യക്തിത്വത്തിൽ ഭ്രമിച്ച് കോൺഗ്രസ്സിനു് വോട്ടുചെയ്യരുതു്

തിരു-കൊച്ചിയിൽ ഒരു ബ്രിട്ടീഷ് ഗയാനാ ആവർത്തിക്കാൻ അനുവദിക്കുകയില്ലെന്നു് ഏ. കെ. ജി.

തൃശ്ശൂർ, ഫെ: 3

പ്രധാനമന്ത്രി നെഹ്റുവിൻെറ വ്യക്തിത്വത്തിൽ ഭ്രമിച്ച് ആരുംതന്നെ കോൺഗ്രസ്സിനു വോട്ടുചെയ്തുപോകരുതെന്നു് പാർല്ലമെൻറിലെ കമ്മ്യൂണിസ്റ്റ് പ്രതിപക്ഷത്തിൻെറ നേതാവായ ഏ. കെ. ഗോപാലൻ ഇന്നു് ഇവിടെവച്ച് ഒരു തെരഞ്ഞെടുപ്പു പ്രചരണയോഗത്തിൽ പ്രസ്താവിച്ചു.

ഇന്നത്തെ കമ്മ്യൂണിസ്റ്റുകാരും പ്രജാസോഷ്യലിസ്റ്റുകാരും ഒരുകാലത്തു് ആത്മാർത്ഥതയുള്ള കോൺഗ്രസ്സുകാരായിരുന്നുവെന്നും എന്നാൽ വർഗ്ഗീയവാദികളുടേയും കരിഞ്ചന്തക്കാരുടേയും സ്ഥാപിതതാല്പര്യക്കാരുടേയും ഒരു സംഘടനയായി കോൺഗ്രസ് അധഃപ്പതിച്ചപ്പോൾ അവർ ആ സംഘടനയിൽനിന്നു പുറത്തുപോവുകയാണുണ്ടായതെന്നും ഏ. കെ. ഗോപാലൻ ചൂണ്ടിക്കാണിച്ചു.

പ്രജാസോഷ്യലിസ്റ്റുപാർട്ടിയും ഇടതുപക്ഷഐക്യമുന്നണിയും തമ്മിൽ തെരഞ്ഞെടുപ്പു സംബന്ധിച്ചുണ്ടായിട്ടുള്ള ധാരണയെ പരാമർശിച്ചു് ഏ. കെ. ഗോപാലൻ പറഞ്ഞു്, ഈ രണ്ടു പുരോഗമനകക്ഷികൾക്കും സുവ്യക്തമായ പരിപാടികളുണ്ടെന്നും തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷംകിട്ടുന്നപക്ഷം ഈകക്ഷികൾ ഗവണ്മെൻറു രൂപവൽക്കരിക്കുന്നതിനു് തയ്യാറാവുമെന്നുമാണ്. ഒരു ഇടതുപക്ഷ ഗവണ്മെൻറ് രൂപവൽക്കരിക്കപ്പെടുന്ന പക്ഷം ജനങ്ങളുടെ താല്പര്യങ്ങൾക്കും ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി ആ ഗവണ്മെൻറ് പ്രവർത്തിക്കുമെന്നു് ഏ. കെ. ഗോപാലൻ ഉറപ്പുനൽകി. "ഞങ്ങൾക്കു നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കുന്നപക്ഷം ഞങ്ങൾ ഇവിടെ ബ്രിട്ടീഷ് ഗയാനാ ആവർത്തിക്കുവാൻ അനുവദിക്കുകയില്ല. ഞങ്ങൾ തിരു-കൊച്ചി സംസ്ഥാനം ഭരിക്കുകതന്നെ ചെയ്യും" എന്നദ്ദേഹം പ്രഖ്യാപിച്ചു.

അദ്ദേഹം ഇങ്ങനെ തുടർന്നു:-

ഇന്നാട്ടിലെ പാതിരിമാരിൽ പലരും ഒരു മതേതര രാഷ്ട്രമെന്ന ഇൻഡ്യയുടെ നിലപാടിനെ തകരാറാക്കുമാറു്, തെരഞ്ഞെടുപ്പിൽ നേരിട്ടു് ഇടപെടുന്നുണ്ടു്.

ഞാനും ഹിരൺ മുക്കർജിയും ഇതേപ്പററി നേരിട്ടു് നെഹ്റുവിനു് എഴുതിയിരുന്നു. തിരു-കൊച്ചി ഗവണ്മെൻറിനോടു് അന്വേഷിച്ചതിൽ ഞങ്ങളുടെ പരാതി അടിസ്ഥാനരഹിതമെന്നു ബോദ്ധ്യപ്പെട്ടുവെന്നു് നെഹ്റു മറുപടി നൽകി. ഏതായാലും നെഹ്റു തിരു-കൊച്ചിയിൽ വരുമ്പോൾ, വ്യക്തമായ തെളിവുകളോടെ ഞങ്ങൾ ഇക്കാര്യം അദ്ദേഹത്തിൻെറ മുൻപിൽ വീണ്ടും ഉന്നയിക്കുന്നതാണ്.

തര്യതുകഞ്ഞിത്തൊമ്മൻെറ പ്രസ്താവന

(1-ാംപേജിൽനിന്നും തുടർച്ച)

സ്സിലാക്കീട്ടുണ്ട്....

കോൺഗ്രസ്സിനോടു പ്രതിനന്ദി കാണിക്കുവാൻ എൻെറമേൽ തെററായ കുററാരോപണത്തിനാവശ്യമില്ലാത്തതാണ്. അപ്നാദേശിൻെറ സ്വപ്നാദേശങ്ങളെപ്പററി കൂടുതൽ പറയാതെ ജനങ്ങൾക്കറിയാം. തന്നെ വലിയ ശമ്പളത്തിൽ വയ്ക്കുയോ അഥവാ നിയമസഭാസ്ഥാനാർത്ഥിയായി നിർത്തുകയോ ചെയ്യില്ലെങ്കിൽ പി. എസ്. പി. വഴി കമ്മ്യൂണിസ്റ്റാകുമായിരുന്നു എന്നു് അപ്നാദേശിലെ വ്യക്തിയെപ്പററി ഞാൻ പറഞ്ഞാൽ നിങ്ങൾ അതെങ്ങിനെ അറിഞ്ഞു എന്നു് എന്നോടു ചോദിക്കുവാൻ അയാൾക്കവകാശമുള്ളതുപോലെ എനിക്കുമുണ്ടെന്നോർക്കണം. ഞാൻ പ്രജാസോഷ്യലിസ്റ്റ്പാർട്ടിയിൽ ചേർന്നെന്നും, കമ്മ്യൂണിസ്റ്റ്പ്രചരണത്തിനു നടക്കുന്നുവെന്നും അപ്നാദേശിലെ മനുഷ്യൻ സ്വപ്നാദേശംവഴിയാണോ അറിഞ്ഞതെന്നു ഞാൻ ചോദിക്കുന്നു? കൃതജ്ഞത ചില ജന്തുക്കൾക്കു പോലുമുള്ള ഗുണമാണ്. തങ്ങളെ കയററിവച്ച കോൺഗ്രസ് ഗവണ്മെൻറിനോടു നന്ദികാണിക്കുവാൻവേണ്ടി നിരപരാധികളുടെപേരിൽ തെററായ കുററാരോപണത്തിനും, കഠിനമായ വിധിക്കും പുറപ്പെടുന്നതു നന്നല്ല. ഇങ്ങിനെയുള്ള ആൾ ഒരു ന്യായാധിപനായിത്തീർന്നാൽ വരുന്ന അവസ്ഥ എന്തായിരിക്കും?

ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽനിന്നു മനഃസാക്ഷിയുടെ പ്രേരണയാൽ ഉയരുന്ന സത്യത്തിൻെറ സ്വരത്തെ അസത്യത്തിൻെറ ഘോഷാരവംകൊണ്ടു മൂടിക്കളഞ്ഞു്, വലിയ പരേഡുകൾ നടത്തി സാധാരണക്കാരുടെ ദൃഷ്ടികളിൽ പൊടിയിട്ടു് അവരെ നിരാശപ്പെടുത്തിയും അധികാരത്തിൻെറയും സ്വാധീനത്തിൻെറയും വഴിതെററിയ പ്രയോഗംകൊണ്ടു വോട്ടുസമ്പാദിച്ചു ഭരണം കയ്യേൽക്കുവാൻ സാധിച്ചാലും തെററായ മാർഗ്ഗങ്ങളിൽക്കൂടി ഭരണം കയ്യേൽക്കുന്നവർക്കു തുടർന്നുകൊണ്ടുപോകുവാൻ സാധിച്ചെന്നുവരികയില്ല. "സത്യമേവ ജയതേ ന: അനൃതം" എന്ന വാക്യം പ്രസിദ്ധമാണല്ലോ. ഇവിടെ കുറെനാളെങ്കിലും പ്രസിഡണ്ടുഭരണം വരാതെ നീതി നടക്കുമെന്നു തോന്നുന്നില്ല. പ്രസിഡണ്ടുഭരണംവരുന്നതു് അഭിമാനകരമല്ലെന്നാണ ചില നേതാക്കൾ പറയുന്നതു്. എന്നാൽ രാജ്യത്തു് അഴിമതിയും ചൂഷണവും നിറഞ്ഞ ദുർഭരണം നടക്കുന്നതാണ് പ്രസിഡണ്ടുഭരണത്തിലും ആക്ഷേപകരമായുള്ളതു്. കോൺഗ്രസ് ഗ്രൂപ്പുനേതാക്കളുടെയും അവരുടെ പാർശ്വവർത്തികളുടെയും സ്വാർത്ഥതാല്പര്യങ്ങളെ മുൻനിർത്തിയുള്ള പക്ഷപാതനയം പാടെ മാറിയാലേ ജനങ്ങൾക്കു ഭരണത്തിൽ വിശ്വാസമുണ്ടാകയും ജനക്ഷേമം വളരുകയും ചെയ്കയുള്ളു. സ്വാർത്ഥതാൽപ്പര്യങ്ങൾ പുലരാൻ സാദ്ധ്യമല്ലെന്നുള്ള ബോദ്ധ്യംകൊണ്ടും തങ്ങൾ നടത്തിയിട്ടുള്ള അഴിമതികൾ അന്വേഷിച്ചറിഞ്ഞു പരിഹാരംവരുത്തുമെന്ന ഭയംകൊണ്ടുമായിരിക്കണം പ്രസിഡണ്ടുഭരണം വരുന്നതപമാനകരമാണെന്നു ചിലർ പറയുന്നതു്. രാജ്യത്തു് അഴിമതിയും ചൂഷണവുംനിറഞ്ഞ ദുർഭരണം നടക്കുന്നതാണു പ്രസിഡണ്ടുഭരണത്തിലുമധികം അപമാനകരവും, സങ്കടകരവുമെന്നതിനു് സംശയമില്ല. പ്രസിഡണ്ടുഭരണം കോൺഗ്രസ് ഭരണംതന്നെയാണെന്നും ജവഹരിലാൽ നെഹ്റുവിൻെറ നേതൃത്വത്തിൽത്തന്നെയാണ് ഈ പ്രസിഡണ്ടുഭരണമെന്നും ഈ കോൺഗ്രസ് നേതാക്കളോർക്കാത്തതു്, ഭരണത്തിൽ തങ്ങൾക്കോ, പാർശ്വവർത്തികൾക്കോ, അന്യായമായ ലാഭങ്ങൾ നേടുവാൻ സാധിക്കാതെ വരുമെന്നുള്ള ഭയംകൊണ്ടുതന്നെയാണെന്നു് ഞങ്ങൾക്കറിയാം......

ഗവണ്മെൻറുബസ്സുകളിൽ, കമ്പികളിൽ പഴക്കുല തൂങ്ങിക്കിടക്കുന്നതുപോലെ സ്ത്രീപുരുഷന്മാരെ ആബാലവൃദ്ധം നിരത്തിനിർത്തി പെരുവഴിയിൽക്കൂടി വളരെദൂരം യാത്രചെയ്യിച്ചുകൊണ്ടിരിക്കുന്ന ആക്ഷേപകരമായ അവസ്ഥ സംസ്ഥാനത്തിനു പുറത്തെങ്ങുമില്ലെന്നും ഈ സമ്പ്രദായം പ്രൈവററുബസ്സുകാരും അനുകരിക്കേണ്ടിവരുന്നുവെന്നും ഇതു നിർത്തണമെന്നും എത്രയോ തവണ ഞാൻ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മദ്യനിരോധനമേഖലയിൽപ്പെട്ട തലസ്ഥാനനഗരത്തിൽപ്പോലും 75 ശതമാനം ആൽക്കഹോൾചേർന്ന എസൻസ് വിൽക്കുന്നതു്, ആക്ഷേപകരമാണെന്നും മന്ത്രിമാരോടും കോൺഗ്രസ് പ്രസിഡണ്ടിനോടും വളരെ മുമ്പുതന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണ്. നെല്ലുകുത്തു യന്ത്രങ്ങൾ ചിലടത്തു് ആവാമെന്നും, ചിലടത്തു് പാടില്ലെന്നും, തൊട്ടുതൊട്ടുകിടക്കുന്ന പ്രദേശങ്ങളിലെ കുടികളുടെ പുരയിടങ്ങളിലെ തേക്കുവൃക്ഷങ്ങൾ ചിലടത്തു് ഗവണ്മെൻറിനുള്ളതാണെന്നും, മററു ചിലടത്തു് കുടികളുടേതാണെന്നും, വ്യത്യസ്തമായ നിലവച്ചു് പാലിക്കുന്നതും, ഈ ചെറിയ സംസ്ഥാനത്തു് രണ്ടു് ഹൈക്കോടതികൾ സ്ഥാപിക്കുന്നതും, ശരിയല്ലെന്നു് ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഇതുകൊണ്ടൊന്നും ഫലമില്ലെന്നു് എനിക്കു ബോദ്ധ്യമായി. ശുപാർശയും അഴിമതിയുംകൊണ്ടു് ഭരണം അലങ്കോലമാകുന്നതു് കണ്ടുകൊണ്ടു ദീർഘകാലം രാജ്യസേവനം ചെയ്തിട്ടുള്ള ഒരു വ്യക്തിയുടെ നിലയിൽ ഞാൻ മൗനം ദീക്ഷിക്കുന്നതു് ശരിയല്ലെന്നുള്ള ബോധമാണ് എന്നെ തെററുകൾ ചൂണ്ടിക്കാണിക്കുവാനും, ശരിയാണെന്നു് തോന്നിയ മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുവാനും പ്രേരിപ്പിച്ചിട്ടുള്ളതു്. ഞാൻ നിയമസഭയിൽ ഇരുന്ന കാലത്തും പി. സി. സി. മെമ്പറായിരുന്ന കാലത്തും, കമ്മററികളിലോ, പ്രധാന കാര്യാലോചനായോഗങ്ങളിലോ, ഗ്രൂപ്പുനേതാക്കൾ എന്നെ ഉൾപ്പെടുത്താതെ അകററി നിർത്തിയിരിക്കയായിരുന്നു. അതിനു കാരണം ഞാൻ ഒരു ഗ്രൂപ്പിലും ഉൾപ്പെടാതിരുന്നതാണ്. ഗ്രൂപ്പുകൾ പാടില്ലെന്നു കോൺഗ്രസ് ചട്ടത്തിലുള്ളതാണല്ലോ. കോൺഗ്രസ് പ്രേമിയായ ഞാൻ തല്ക്കാലം പ്രസിഡണ്ടുഭരണം വരാതെ കോൺഗ്രസ് ആദർശപ്രകാരമുള്ള ഭരണം ഇവിടെ നടക്കാൻ ഇടയില്ലെന്നാണ് പൊതുജനങ്ങളോടു് ആവർത്തിച്ചു പറയുന്നതു്. പണ്ഡിററ് നെഹ്റു കഴിഞ്ഞതവണ ഇവിടെ വന്നപ്പോൾ ഭരണദൂഷ്യങ്ങളെപ്പററി ചിലർ അദ്ദേഹത്തെ അറിയിച്ചതിനു് ഇവിടത്തെ സാധാരണ ഭരണകാര്യങ്ങളിൽ ഇടപെടുവാൻ താൻ ഒരു മുകിലനല്ലെന്നു പറഞ്ഞു് ഒഴിയുകയാണു ചെയ്തതെന്നു് ആയിടെ കേട്ടിട്ടുണ്ട്. പ്രസിഡണ്ടുഭരണംവഴി പണ്ഡിററ് നെഹ്റുവിൻെറ ചുമതലയിൽത്തന്നെ ഇവിടത്തെ ഭരണം തല്ക്കാലം നടന്നാൽ അഴിമതികൾ കുറയുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ദുർഭരണം നടന്നാൽ ചൂണ്ടിക്കാണിക്കുവാൻ പാർലമെൻറിൽ നമുക്കു മെമ്പർമാരും ഉണ്ടല്ലോ. പ്രാപ്തന്മാരും ന്യായസ്ഥന്മാരുമായ സ്ഥാനാർത്ഥികൾ കോൺഗ്രസ്സുകാരായാലും, സ്വതന്ത്രരായാലും മതനിഷ്പക്ഷമല്ലാത്ത പാർട്ടിയിൽ പെട്ടവരായാലും, അവർക്കു് വോട്ടു നൽകുന്നതിൽ തരക്കേടില്ലെന്നല്ലാതെ കോൺഗ്രസ്സിനു് വോട്ടു നൽകരുതെന്നു ഞാൻ പറഞ്ഞിട്ടില്ല. ഒരുറച്ച ഗവണ്മെൻറ് വരേണ്ടതുതന്നെയാണ്. എന്നാൽ അതു നീതിനടത്തുന്ന ഗവണ്മെൻറായിരിക്കണം. അതിനു ശരിയായ പ്രതിപക്ഷവും വേണം. ഇതൊക്കെയാണ് എൻെറ പ്രസ്താവനകളിൽ ഉള്ളതു്. സൽഭരണത്തിനിപ്പോൾ സാദ്ധ്യത കാണാത്തതുകൊണ്ടാണ് പ്രസിഡണ്ടു ഭരണം വരണമെന്നു പറയുന്നതു്. വലിയ അപവാദങ്ങൾക്കിടവരുത്തിയവരെ വീണ്ടും തിരഞ്ഞെടുക്കുന്നതു് രാജ്യത്തോടു ചെയ്യുന്ന ദ്രോഹമാണെന്നു ജനങ്ങളോർക്കേണ്ടതാണ്.

നീതിക്കുവേണ്ടിനിലകൊണ്ടാൽ ആക്ഷേപങ്ങളും അപവാദങ്ങളും അഭിമുഖീകരിക്കേണ്ടിവരുമെന്നും, നഷ്ടങ്ങൾ സഹിക്കേണ്ടിവരുമെന്നും എനിക്കു് പണ്ടേ അറിയാം. ജനപ്രതിനിധിസഭ അവിശ്വസ്തരെന്നു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഭണ്ഡാരവും, അധികാരവും, അധീനത്തിലുള്ളവരെ ജനങ്ങൾ ഭയപ്പെടുമല്ലോ?

രാജ്യത്തു് നീതിനടന്നു് ജനക്ഷേമം വളരുവാൻ ദൈവം അനുഗ്രഹിക്കട്ടെ!

പാർലമെൻറിൻെറ സമ്മേളനം

ആണ്ടിലൊരിക്കൽ ബാംഗ്ളൂരിൽക്കൂടും?

ബാംഗ്ളൂർ, ഫെ: 4

ഇന്ത്യൻ പാർലമെൻറു് ആണ്ടിലൊരിക്കൽ ബാംഗ്ളൂരിൽ വച്ചു കൂടുന്നതിനെപ്പററി ആലോചന നടന്നുവരുന്നതായി ന്യൂഡൽഹിയിലെ അഭിജ്ഞ കേന്ദ്രങ്ങളിൽനിന്നു് അറിയുന്നു.

ദക്ഷിണേന്ത്യയിലേയും ഉത്തരേന്ത്യയിലേയും ജനങ്ങളെ പരസ്പരം കൂടുതൽ അടുപ്പിക്കുക എന്നതാണത്രെ, ഇതിൻെറ ഉദ്ദേശം.

ഇക്കൊല്ലം 7 ലക്ഷം ടൺ അരി ഇന്ത്യയിൽ ഇറക്കുമതിചെയ്യുമെന്നു് കിദ്വായി

പതിനഞ്ചു ലക്ഷം ടൺ അരി സ്റ്റോക്കുണ്ടാകുമ്പോൾ അരിനിയന്ത്രണം പിൻവലിക്കും

നാഗപ്പൂർ, ഫെബ്രു: 4

അരിവിനിയന്ത്രണം പൂർണ്ണമായി നടപ്പാക്കുന്നതിനുമുമ്പ് പതിനഞ്ചു ലക്ഷം ടൺ അരി കേന്ദ്രത്തിൽ സ്റ്റോക്കുണ്ടാവേണ്ടതാവശ്യമാണെന്നു് കേന്ദ്രഭക്ഷ്യമന്ത്രി റാഫി അഹമ്മദ് കിദ്വായി ഇന്നു് ഇവിടെവച്ചു പ്രസ്താവിച്ചു.

മദ്ധ്യപ്രദേശത്തെ അരിവ്യാപാരികളുമായി ഇന്നു സെക്രട്ടറിയേററിൽവച്ചു് സംഭാഷണം നടത്തുകയായിരുന്നു, കിദ്വായി.

ന്യായമായ വിലയ്ക്കു് ലഭിക്കുന്നപക്ഷം ഈ വർഷത്തിൽ ഏകദേശം 7 ലക്ഷംടൺ അരി ഇറക്കുമതിചെയ്യാൻ സാദ്ധ്യതയുണ്ടെന്നും ആന്ധ്രം, മദ്ധ്യപ്രദേശ്, ഒറീസ്സാ, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽനിന്നു് സംഭരിക്കുന്ന അരിയുംകൊണ്ടു് ഭക്ഷ്യക്കമ്മിയുള്ള സംസ്ഥാനങ്ങളിലെ ആവശ്യങ്ങൾ നിറവേററാമെന്നും കിദ്വായി തുടർന്നുപ്രസ്താവിച്ചു.

ഇന്ത്യയും എസ്.ജെ.ഒ.സി.യും തമ്മിൽ നടന്ന 5-ാമത്തെ ക്രിക്കററുമത്സരം

ഇന്നലെ നഗപ്പൂരിൽവച്ചു സമനിലയിൽ അവസാനിച്ചു

ലക്നോ, ഫെബ്രു: 4

ഇൻഡ്യയും എസ്. ജെ. ഒ. സി. ടീമും തമ്മിൽ നടന്ന അഞ്ചാമത്തേതും അവസാനത്തേതുമായ 'ടെസ്റ്റ്' ഇന്നു് സമനിലയിൽ അവസാനിച്ചു.

ഇൻഡ്യ രണ്ടാമത്തെ ഇന്നിംഗ്സിൽ 2 വിക്കററിനു് 168 റൺസ് എടുത്തു് ഡിക്ളയർ ചെയ്തു. കളി അവസാനിച്ചപ്പോൾ എസ്. ജെ. ഒ. സി. ടീം 3 വിക്കററിനു് 64 റൺസ് എടുത്തു.

ഇന്നു രാവിലെ എസ്. ജെ. ഒ. സി. ടീം ഒന്നാം ഇന്നിംഗ്സിൽ 345 റൺസ് എടുത്തിരുന്നു. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 416 റൺസാണ് എടുത്തിരുന്നതു്.

ഇത്തവണ ഇന്ത്യയും എസ്. ജെ. ഒ. സി. ടീമും തമ്മിൽ ഇന്നവസാനിച്ച ക്രിക്കററുമത്സരം ഉൾപ്പെടെ ഇന്ത്യയിൽ വച്ചു് മൊത്തം 5 ക്രിക്കററുമത്സരങ്ങൾ നടന്നു. അതിൽ രണ്ടു മത്സരങ്ങളിൽ ഇന്ത്യ ജയിക്കുകയും ഒരു മത്സരത്തിൽ പരാജയപ്പെടുകയുമുണ്ടായി. ഇന്നവസാനിച്ചതുൾപ്പെടെ രണ്ടു ക്രിക്കററുമത്സരങ്ങൾ സമനിലയിൽ അവസാനിക്കുകയും ചെയ്തു.

തിരു-കൊച്ചി പൊതുതെരഞ്ഞെടുപ്പ്

സമാധാനപരമായും കാര്യക്ഷമമായും നടത്തണമെന്ന ഗവർമ്മെൻറിൻെറ സർക്കുലർ

(സ്വ-ലേ) തിരു: ഫെ: 4

പൊതുതെരഞ്ഞെടുപ്പു് സമാധാനപരമായും കാര്യക്ഷമമായും നടത്തേണ്ടതിൻെറ ആവശ്യകതയെ ഊന്നിപ്രസ്താവിച്ചുകൊണ്ടു് ഗവ:ൽനിന്നു് ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പു ഉദ്യോഗസ്ഥന്മാർക്കു് എല്ലാവിധ സഹായസഹകരണങ്ങളും നൽകണമെന്നു് എല്ലാ വകുപ്പദ്ധ്യക്ഷന്മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ പോളിംഗ്സ്റ്റേഷനുകളിലും ആവശ്യമുള്ളിടത്തോളം ആളുകളെയും സാധനസാമഗ്രികളും നൽകുന്നകാര്യത്തിൽ ഡി: കലക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ പറഞ്ഞിരിക്കുന്നു.

കുംഭനഗറിൽവച്ചു നടന്ന ആ അത്യാഹിതം

മൃത്യുവക്ത്രത്തിൽനിന്നു രക്ഷപെട്ട തീർത്ഥാടകരുടെ അത്യന്തം ദയനീയമായ സംഭവവിവരണം

കുംഭനഗർ (അല്ലാഹബാദ്), ഫെ: 4

500-ൽപരം തീർത്ഥാടകരുടെ അപമൃത്യുവിനും 1000-ത്തോളം പേർക്കു പരുക്കുകളേല്ക്കുന്നതിനും ഇടയാക്കിയ ഇന്നലത്തെ ഭയങ്കരമായ അത്യാഹിതം, ഇന്നു് ഈ തീർത്ഥാടനകേന്ദ്രത്തിൽ ഒരു കഠിനമായ വിഷാദഛായ കലർത്തിയിരിക്കുന്നു. സ്നാനഘട്ടങ്ങളിൽ ഇന്നു രാവിലെ പതിവുപോലെയുള്ള വമ്പിച്ച തീർത്ഥാടനസംഘങ്ങൾ വരികയോ മതപരമായ പ്രഭാഷണങ്ങൾ കേൾക്കുന്നതിനു് സാധുസങ്കേതങ്ങളിൽ വലിയ ആൾക്കൂട്ടം ഉണ്ടാകയോ ചെയ്തില്ല. ഭയവിഹ്വലരായ അനേകശതം ആളുകൾ കഴിയുന്നത്ര വേഗം സ്ഥലംവിടുന്നതിനു് മേള നടന്നുവരുന്ന സ്ഥലത്തിനു സമീപമുള്ള ബസ്സ്സ്റ്റാൻഡുകളിലും റയിൽവേസ്റ്റേഷനിലും തിങ്ങിക്കൂടുന്നതായി കാണപ്പെട്ടു.

പരുക്കേററവരിൽ അധികം പേരും ഇപ്പോഴും കുംഭനഗറിലെ ആശുപത്രികളിലും സാമൂഹ്യസേവനക്യാമ്പുകളിലും കിടക്കുന്നു. അവരിൽ പലരേയും അലഹബാദ് സിററിആശുപത്രിയിലേക്കു മാററിയിട്ടുണ്ട്. പ്രസിഡണ്ട് ഡോ: പ്രസാദ്, തൻെറ മിലിററി സെക്രട്ടറിയോടുകൂടി ഇന്നു് സിവിൽ ആശുപത്രിയിൽ ചെന്നു് അവിടെ അവശനിലയിൽ കിടക്കുന്ന 25 പേരെ സന്ദർശിക്കുകയും അവരുടെ സ്ഥിതിയേപ്പററി അന്വേഷണം നടത്തുകയും ചെയ്തു.

ഇന്നലെ നടന്ന ഭയങ്കരമായ തിരക്കിലകപ്പെട്ടു എങ്കിലും ഭാഗ്യവശാൽ മൃത്യുവക്ത്രത്തിൽനിന്നും രക്ഷപ്പെട്ട ചിലരിൽനിന്നും ആ അത്യാഹിതത്തെപ്പററി അതിദയനീയമായ പല വിവരങ്ങളും ലഭിച്ചിരിക്കുന്നു. ബഹളത്തിനിടയിൽ നിലത്തു വീണുപോയ അനവധിയാളുകൾ, പരിഭ്രാന്തരായി നാലുപാടും ഓടിക്കൊണ്ടിരുന്ന ജനക്കൂട്ടത്തിൻെറ ചവിട്ടേററു മരിക്കയാണുണ്ടായതു്. ആൾക്കൂട്ടത്തിൻെറ ഭയങ്കരമായ ഇരപ്പുമൂലം നിലത്തുകിടന്നു മരണവേദനയോടെ പിടയുന്നവരുടെ നിലവിളികളും ദീനരോദനങ്ങളും കേൾക്കുവാൻ നിർവാഹമില്ലായിരുന്നു. വൃദ്ധന്മാരും കൈക്കുഞ്ഞുങ്ങളോടുകൂടിയ സ്ത്രീകളും, അംഗഭംഗവും രോഗവും മൂലം ഏററവും അവശരായ ജനങ്ങളും ഉൾപ്പെട്ട ആ മനുഷ്യമഹാസമുദ്രം കുറേ സമയത്തേക്കു് ഭയങ്കരമായി ഇളകിമറിഞ്ഞുകൊണ്ടിരുന്നു. നാഗഭിക്ഷുക്കളുടെ ഘോഷയാത്ര തീർത്ഥസ്നാനഘട്ടത്തിനു സമീപത്തുക്കൂടി കടന്നുപോയപ്പോൾ, ഇരുവശങ്ങളിൽനിന്നും അത്യുഗ്രമായി പാഞ്ഞുകയറിവന്ന ജനക്കൂട്ടങ്ങൾ തമ്മിൽ നടന്ന സംഘട്ടനത്തിനിടയിൽപ്പെട്ടുപോയ അനേകശതം നിർഭാഗ്യരായജനങ്ങൾക്കു് ഒരു വിധത്തിലും രക്ഷപെടുവാൻ സാധിച്ചില്ലെന്നു്, അതിനിടയിൽനിന്നും അൽഭുതകരമായ വിധം രക്ഷപെട്ട ഒരു വോളണ്ടിയർ പ്രസ്താവിക്കുകയുണ്ടായി. താൻ നിന്നിരുന്നിടത്തുനിന്നും ഏതാനുംവാര ദൂരെയായി ഒരു സ്ത്രീയും അവളുടെ കുഞ്ഞുംകൂടി തറയിൽക്കിടന്നു ചവിട്ടേററു് മരണമടയുന്നതു് താൻ നിസ്സഹായതയോടെ നോക്കിനിന്നു എന്നയാൾ പറഞ്ഞു.

ഇൻേറാ-ചൈനാ യുദ്ധം

സെയ്ഗോൺ, ഫെ: 4

ലാവോസ് സ്റ്റേററിൻെറ തലസ്ഥാനമായ ലുവാങ്ങ്പ്രബാങ്ങിൽനിന്നു് ഏകദേശം 50 മൈൽ ദൂരെമാറി വടക്കുനിന്നു വടക്കുപടിഞ്ഞാറോട്ട് അർദ്ധവൃത്താകൃതിയിൽ കിടക്കുന്ന ആദ്യത്തെ പ്രതിരോധനിരയിൽ വിയററ്മിൻസേനയുടെ ഇരുമ്പുവിഭാഗം എത്തിക്കഴിഞ്ഞുവെന്നും അവിടെനിന്നു ഫ്രഞ്ചുഭടന്മാർ പിന്മാറിക്കൊണ്ടിരിക്കുന്നുവെന്നും ഫ്രഞ്ചു് ഹൈക്കമാൻറ് ഇന്നു പ്രസ്താവിച്ചു.

ലുവാങ്ങ്പ്രബാങ്ങിനു് 55 മൈൽ വടക്കു സ്ഥിതിചെയ്യുന്ന മുവോങ്ങ്സേപട്ടണം വിയററ്മിൻസേന കീഴടക്കിക്കഴിഞ്ഞു. വിയററ്മിൻസേനയുടെ ഭയങ്കരമായ വിമാനാക്രമണവും നടക്കുന്നുണ്ട്.

തിരുവനന്തപുരം വാർത്തകൾ

(സ്വ-ലേ) ഫെ: 4

പാസ്സുകൾ

മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഉൽഘാടനചടങ്ങിൽ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നവർക്കു് ആർക്കെങ്കിലും ക്ഷണക്കത്തുകിട്ടാത്തപക്ഷം ഡോ: സി. ഒ. കരുണാകരനെ വിവരം അറിയിക്കേണ്ടതാണ്. കോളേജ് വിദ്യാർത്ഥികൾക്കും പ്രത്യേകം പാസ്സുകൾ നൽകും. പാസുവേണ്ട വിദ്യാർത്ഥികൾ അതാതു കോളേജിലെ പ്രിൻസിപ്പൽ മുഖാന്തിരം 6-ാംതീയതിക്കു മുൻപു് അപേക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്കു പന്തലിൻെറ പരിസരങ്ങളിൽ പ്രവേശനം അനുവദിക്കുന്നതായിരിക്കും. 6-ാം തീയതി മുതൽ 8-ാംതീയതി ഉൽഘാടനകർമ്മം കഴിയും വരെ ആശുപത്രി സന്ദർശിക്കുന്നതിനു് അനുവദിക്കുന്നതായിരിക്കുകയില്ല.

വ്യവസായഡയറക്ടർ

വ്യവസായഡയറക്ടർ പി. വി. നായർ നാളെ എറണാകുളത്തേക്കുപുറപ്പെടുന്നതും, ആലുവാ, ഇരിങ്ങാലക്കുട, തൃശ്ശൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഫെ: 9-ാംതീയതി ഇവിടെതിരിച്ചെത്തുന്നതുമാണ്.

സൗജന്യ മത്സ്യവിതരണം

മദ്രാസിൽനിന്നും 'ലാബൊ' എന്ന പേരുള്ള ഒരുതരം മത്സ്യം 50000 എണ്ണം കൊല്ലം തേവള്ളി കൊട്ടാരക്കുളങ്ങളിൽ സൂക്ഷിച്ചുവരുവെന്നും മത്സ്യങ്ങൾ വളർത്തുന്നതിൽ ആഗ്രഹിക്കുന്നവർക്കു സൗജന്യമായി ഈ പുതിയ ഇനം മത്സ്യം നൽകുന്നതാണെന്നും ഫിഷറി ഡയറക്ടർ വിജ്ഞാപനം ചെയ്തിരിക്കുന്നു. 12 മാസംകൊണ്ടു് നാലഞ്ചുറാത്തൽ തൂക്കം വരുന്ന മത്സ്യങ്ങളായി ഇവ വളരുന്നതാണ്.

രാജപ്രമുഖനെ സന്ദർശിച്ചു് സംഭാഷണം നടത്തി

'മലയാളി' പത്രത്തിൻെറ മാനേജിംഗ് എഡിററർ അഴകത്തു് ഈ. രാമക്കുറുപ്പ് ഇന്നു വൈകുന്നേരം 5 മണിക്കു് തിരു-കൊച്ചി രാജപ്രമുഖൻതിരുമേനിയെ സന്ദർശിച്ചു സംഭാഷണം നടത്തിയിരിക്കുന്നു.

ജി. പി. തഹസിൽദാരന്മാർ

തിരുവല്ലാ ജി. പി. തഹശീൽദാരെ പത്തനംതിട്ട ജി. പി. യുടെ അഡീഷണൽ ചാർജിൽ നിന്നും വിടുർത്തുകയും കുന്നത്തൂർ ജി. പി. തഹശീൽദാർക്കു് അഡീഷണൽ ചാർജ് നൽകുകയും ചെയ്തിരിക്കുന്നു.

വിവിധശിക്ഷകൾ

1953 നവമ്പറിൽ 126 ഭക്ഷ്യധാന്യ നിയന്ത്രണലംഘനക്കേസുകളും ക്രമക്കേടുകളും അധികൃതർ കണ്ടുപിടിച്ചുവെന്നും ഇതിൽ 4 പേരുടെ ലൈസൻസ് റദ്ദുചെയ്യുകയും 28 പേർക്കു താക്കീതു നൽകുകയും 70 പേർക്കു പിഴശിക്ഷ നല്കിയെന്നും ഒരു ഔദ്യോഗികക്കുറിപ്പിൽ പറയുന്നു.

റവന്യൂസെക്രട്ടറി

അവധി കഴിഞ്ഞ റവന്യൂ സെക്രട്ടറി സി. കെ. കോരവർമ്മ ഫെബ്രുവരി 1 മുതൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പി. ഏ. കാസിം

റവന്യൂബോർഡ് ദ്വിതീയ മെമ്പർ പി. എ. കാസിം ഇന്നു തൊടുപുഴയ്ക്കു പോയിരിക്കുന്നു. അവിടെനിന്നും അദ്ദേഹം ആലപ്പുഴ, എറണാകുളം എന്നീ സ്ഥലങ്ങളിൽ പോയശേഷം 7-ാംനു ഇവിടെ മടങ്ങിയെത്തുന്നതാണ്.

ഡിസ്മിസ്ചെയ്തു

കോട്ടാറിലെ ഒരു അദ്ധ്യാപകനായ ആർ. സി. ദേശയ്യായെ ദേവികുളം പ്രൈമറിസ്കൂൾ അദ്ധ്യാപകനായിരിക്കുമ്പോൾ അപമര്യാദയായി പെരുമാറിയതിനു സർവീസിൽനിന്നും ഡിസ്മിസ്ചെയ്തിരിക്കുന്നു. മേലാൽ ഗവ: സർവീസിൽ നിയമിക്കുന്നതിനെ ഗവ: നിരോധിക്കയുംചെയ്തിട്ടുണ്ട്.

ദേവസ്വം കണ്ടിജൻസി ജീവനക്കാർ

ദേവസ്വം കണ്ടിജൻസിയൂണിയൻെറ നിർബന്ധംമൂലം യൂണിയനിൽ ചേർന്നു് അധികൃതർക്കെതിരായി അനാശാസ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുമൂലം സസ്പെൻറുചെയ്തും മററും ശിക്ഷിക്കപ്പെട്ട ജീവനക്കാരിൽ ചിലർ നിരുപാധികം മാപ്പു് അപേക്ഷിച്ചുകൊണ്ടു നടത്തിയ നിവേദനങ്ങളെ പരിഗണിച്ചു് അപ്രകാരമുള്ളവരെ വീണ്ടും ജോലിയിൽ പ്രവേശിപ്പിച്ചുകൊള്ളുന്നതിനു ദേ: ബോർഡ് അനുവാദം നൽകിക്കൊണ്ടു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

തിരു-കൊച്ചിയിലെ കോൺഗ്രസ്സിനെ ഇനി അധികാരത്തിലിരുത്തരുതു്

ജനങ്ങൾക്കുവേണ്ടി ഇവർ യാതൊന്നും ചെയ്തിട്ടില്ല—

അശോകമേത്തായുടെ ആഹ്വാനം

(പ്ര-ലേ) പാലാ, ഫെ: 4

പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ തെരഞ്ഞെടുപ്പുപ്രചരണാർത്ഥം പാലായിലെത്തിയ പി. എസ്. പി. നേതാവു് അശോകമേത്താ ഇന്നു് ഒരു പ്രചരണയോഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:-

എട്ടുകൊല്ലത്തെ കോൺഗ്രസ്സുഭരണം ഇന്നു് ആരംഭിച്ചിടത്തുതന്നെ നിൽക്കുകയാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഭരണം ഡൽഹിയിലും തിരുവനന്തപുരത്തുമായി കെട്ടുകെട്ടി കിടക്കുകയാണ്. ഇവിടത്തെ ഗവണ്മെൻറിനു വേണ്ടതൊന്നും ചെയ്യാനറിവില്ല. പകുതി കടവും, പകുതി സൗജന്യവുമായി ഭവനനിർമ്മാണത്തിനു നൽകിയ 10 ലക്ഷംരൂപ വേണ്ടവിധം വിനിയോഗിക്കുവാൻപോലും ഇവർക്കു കഴിഞ്ഞില്ല. ഇവരെ ഇനിയും ഭരണക്കൂടത്തിലിരിക്കുവാൻ നിങ്ങളനുവദിക്കുവാൻ പാടില്ല.

അദ്ദേഹം ഇങ്ങനെതുടർന്നു:- ജാതിയുടെയും മതത്തിൻെറയും, കക്ഷിയുടെയും ബന്ധുവിൻെറയും അടിസ്ഥാനത്തിൽ നിങ്ങളോടു് അവർ വോട്ടുയാചിക്കും. ആവക ചോദ്യങ്ങളൊന്നും നിങ്ങളെ പ്രലോഭിപ്പിക്കരുതു്. ഐശ്വര്യസമ്പൂർണ്ണമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ നിങ്ങൾക്കു കൈവന്ന ഈ സന്ദർഭം ശരിക്കും ബുദ്ധിപൂർവ്വം വിനിയോഗിക്കണം.

സ: മേത്താ ഇന്നു തലയോലപ്പറമ്പ്, കടുത്തുരുത്തി, ഏററുമാനൂർ, പാലാ, ഈരാററുപേട്ട, കാഞ്ഞിരപ്പള്ളി വാഴൂർ, പുതുപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽവച്ചുകൂടിയ യോഗങ്ങളിൽ സംബന്ധിച്ചു.

പുൽത്തൈലം

(സ്വ-ലേ) കുറുപ്പുംപടി, ഫെ: 4

പുൽത്തൈലം	110	0	0

നിലവാരം

(സ്വ-ലേ) ആലപ്പുഴ, ഫെ: 4

എണ്ണ കൊച്ചി	528	12	0
പിണ്ണാക്കു്	95	0	0
എണ്ണ ആലപ്പുഴ	526	4	0
പിണ്ണാക്കു്	87	8	0
കൊപ്രാപുകാരാശി	365	0	0
ടി തെളിവു്	370	0	0
കുരുമുളകു പാലാ	1750	0	0
ടി തെക്കൻ	1700	0	0
ചുക്കു്	450	0	0
മഞ്ഞൾ	400	0	0
തങ്കം ബാററ്ലാ	86	0	0
ടി മൂസാ	85	8	0
ടി വായിതാ	85	12	0
പവൻ	57	8	0
സ്വർണ്ണം	53	0	0
വെള്ളി	157	0	0
ചില്ലറ	1	10	0

കയർ മാർക്കററ്

അഞ്ചുതെങ്ങ്	310	0	0
ആലപ്പാടൻ	265	0	0
ആറാട്ടുപുഴ	245	0	0
അഷ്ടമുടി	200	0	0
മങ്ങാടൻ	230	0	0

Edited by R. K. Kartha &
Printed & Published by C. M.
Sankara Pillai at the Swaraj
Printing Works, Kottayam.